# NEW VISION FOR A CHANGING WORLD

VOL. 3 ISSUE 5 JANUARY 2003

*"Thy hand, O God, has guided*
*Thy flock, from age to age;*
*The wondrous tale is written*
*Full clear, on every page;*
*Our fathers owned Thy goodness,*
*And we their deeds record;*
*And both of this bear witness;*
*One Church, one Faith, one Lord."*

"When we come to the church, we do not bring the world with us, we merely escape from it. And when we go into the world, we do not take the church with us. We live in two worlds: one, shadowy and artificial and the other, real and pressing. There has been little creative encounter between these two worlds and we are poorer for it."

from **AN ECUMENICAL WORDSMITH**
- the writings of the late Prof. T.K. Thomas

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Kozhencherry-689 652
Phone/Fax: 0473-214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**Mr. M.Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. Zachariah Mathew, Kottayam**
Phone: 95481-2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

## വരിസംഖ്യ

ഒരു വർഷത്തേക്ക് : 75/- രൂപ (വിദേശത്തുള്ളവർക്ക് US $ 12)
രണ്ടു വർഷത്തേക്ക് : 140/- രൂപ ( " US $ 22)
മൂന്നു വർഷത്തേക്ക് : 200/- രൂപ ( " US $ 30)
സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ
ലൈഫ് മെമ്പർഷിപ്പ് : 1000/- രൂപ ( " US $ 150)
പേട്രൺ മെമ്പർഷിപ്പ്: 10,000/- രൂപ ( " US $ 1000)

## പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

## താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

## പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0473 - 214068
e-mail: mkoshy@satyam.net.in

## പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

VOL. 3 • ISSUE 5 • JANUARY 2003

## CONTENTS


- **New Year Message**
  ദർശനം: പുതുമയുടെ കൈത്തിരി — 2
  *റൈറ്റ് റവ. ഡോ. ജോർജ് ഐസക്*
- **Christmas**
  **Pen from Den** — 3
  *Daniel Babu Paul*
- **Ethics**
  ആരുടെ വീടാണ് കത്തിയത്? — 4
  *ഫാ. ഡോ. എ.പി. ജോർജ്*
- **Literary Review**
  പാർശ്വചിന്തകൾ — 5
  *ഡോ. സി.ജെ. റോയ്*
- **Parenthood**
  മാതൃ-പിതൃ സങ്കല്പം — 6
  *ഡോ. വത്സൻ തമ്പു*
- **Profile**
  ഡോ. ജോർജ് എം. തോമസ്... — 7
  *പ്രൊഫ. സഖറിയ മാത്യു*
- **Devotional**
  ക്രിസ്തീയ കാര്യവിചാരകത്വം — 8
  *റൈറ്റ് റവ. തോമസ് സാമുവൽ*
- **Retrospection**
  **What I owe to Mahatmaji** — 9
  *Rev. A.C. Oommen*

  കഥയില്ലാത്ത അല്പം... — 10
  *ഡോ. കെ.വി. വർഗീസ്*
- **Old Age Corner**
  വാർദ്ധക്യം... — 11
  *പ്രൊഫ. സി. മാമ്മച്ചൻ*
- **Conversion**
  മതപരിവർത്തന നിരോധന... — 12
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
- **Short Story**
  **He took my licking** — 13

  മാഗിയും കുറിഞ്ഞിയും — 14
- **Current Affairs**
  ദൈവികതയും വർഗീയതയും... — 15
  *ഡോ. അന്നമ്മ ജോർജ്*
- **Psychology**
  കൊടുക്കുക; വളരുക — 16
  *ജോർജ് ബഹനാൻ ടി.*
- **Religion**
  **Manava Maithri** — 17
  *Rev. Dr. M.J. Joseph*
- **News** — 19
- **Responses** — 20


## EDITORIAL

# മതംമാറ്റം

മതം വ്യക്തികൾ തെരഞ്ഞെടുക്കുന്നതല്ല. രക്ഷിതാക്കളുടെ മതം കുട്ടികളുടേതായി മാറുന്നു. ആ മതത്തിനു ന്യായീകരണവും മേന്മയും ശ്രേഷ്ഠതയും കണ്ടെത്താനാണ് പിന്നെ ശ്രമം. ഇതിൽ നിന്നു വ്യത്യസ്തമായ രീതിയാണ് മതം തെരഞ്ഞെടുക്കുകയെന്നത്. നമ്മുടെ ഭരണഘടന ഈ തെരഞ്ഞെടുപ്പിനു സ്വാതന്ത്ര്യം നൽകുന്നുണ്ട്. വ്യക്തികൾക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാം, ഇഷ്ടമില്ലാത്തപ്പോൾ മാറാം, മതമേ വേണ്ടെന്നും വയ്ക്കാം.

പല സംസ്ഥാനങ്ങളും മതപരിവർത്തനം നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ നിയമനിർമാണം നടത്തിവരുകയാണ്. തമിഴ്നാട്ടിൽ 'മതംമാറ്റനിരോധനനിയമം' പ്രാബല്യത്തിലായിക്കഴിഞ്ഞു. ഇതിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരുമുണ്ട്. മതം മാറ്റാനുള്ള സ്വാതന്ത്ര്യമല്ല, മാറാനുള്ള സ്വാതന്ത്ര്യമാണ് ഭരണഘടന നൽകുന്നതെന്ന് അനുകൂലിക്കുന്നവർ വാദിക്കുന്നു. മതപ്രചാരണത്തിന്റെ ഫലമായിട്ടാണ് മതംമാറ്റം നടക്കുന്നത്. മതപ്രചാരണത്തിനു സ്വാതന്ത്ര്യം നൽകുകയും തൽഫലമായിട്ടുളവാകുന്ന മതംമാറ്റത്തിനു സ്വാതന്ത്ര്യം നൽകാതിരിക്കുകയും ചെയ്യുന്നത് യുക്തിസഹമല്ലെന്നു വാദിക്കുന്നവരുമുണ്ട്. മതത്തിന്റെ കാര്യത്തിൽ നിർബന്ധങ്ങളരുത്. ഏതെങ്കിലും പ്രത്യേക മതത്തിൽ വിശ്വസിക്കുവാനോ വിശ്വസിക്കാതിരിക്കുവാനോ, മതം മാറാനോ, മതമേ വേണ്ടെന്നു വയ്ക്കുവാനോ ഉള്ള സ്വാതന്ത്ര്യം പൗരന്മാർക്കുണ്ടായിരിക്കണം. ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യാവകാശത്തിന്റെ ഭാഗമാണ്. അതിന്റെ കടയ്ക്കൽ കത്തി വയ്ക്കാനുള്ള ശ്രമങ്ങളെല്ലാം മനുഷ്യസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ്.

*ചീഫ് എഡിറ്റർ*

## TWELVE GEMS TO PONDER

| | |
|---|---|
| The best day | : Today |
| The best gift | : Forgiveness |
| The greatest sin | : Fear |
| The greatest need | : Common sense |
| The greatest trouble-maker | : Talking too much |
| The greatest teacher | : One who makes you want to learn |
| The worst bankrupt | : One who has lost all enthusiasm |
| The cleverest man | : One who does what he thinks right |
| The meanest feeling | : Jealousy |
| The most expensive indulgence | : Hate |
| The cheapest and easiest thing to do | : Finding fault |
| The best part of one's religion | : Gentleness & Cheerfulness |

*(Collected by GMT)*

**ഇന്നു നാം അവലംബിച്ചിട്ടുള്ള പ്രവർത്തനശൈലിയെ ക്കുറിച്ച് ആരോഗ്യപരമായ ഒരു അസഹിഷ്ണുത നാം എപ്പോഴും പുലർത്തണം. അത് നമ്മെ പുതുമയിലേക്കും നൂതന പ്രവർത്തന രീതികളിലേക്കും നയിക്കും.**

# ദർശനം: പുതുമയുടെ കൈത്തിരി



റൈറ്റ് റവ. ഡോ. ജോർജ് ഐസക്

**ദർശനം** എന്ന വാക്കിനെ ഇപ്രകാരം നിർവചിക്കാം: Vision is the invitation of eternity grasped and actualized in the time-space context of one's life- ഒരുവന്റെ സ്ഥലകാലസ്ഥിതിയിൽ സ്വായത്തമാക്കിയ നിത്യതയുടെ ക്ഷണമാണ് ദർശനം. അതു ദൈവദത്തമാണ്. മനുഷ്യന് സ്വന്തചിന്തയിലൂടെ ഉളവാക്കുവാൻ സാധിക്കാത്ത ഒരു പ്രതിഭാസവും. ഒരുവന്റെ ആന്തരിക ചിന്താനുഭവങ്ങളിൽ നിന്ന് ഉരുവാക്കപ്പെടുന്നതല്ല. പ്രത്യുത, ദൈവത്തിൽ നിന്ന് നൽകപ്പെടുന്നതാണ്. അത് ഒരു വെളിപ്പാടാണ്. ദൈവം തരുന്ന ഈ വെളിപ്പാട് ഇന്നത്തെ ജീവിതപശ്ചാത്തലത്തിൽ കാണുകയും സ്വന്തമാക്കുകയും ചെയ്യുകയാണ് നമ്മുടെ ദൗത്യം. ഇപ്രകാരം പുറമെനിന്ന് ലഭ്യമാകുന്ന ദർശനം നമ്മുടെ ജീവിതസാഹചര്യത്തിന് പ്രസക്തമായ രീതിയിൽ ചിന്തയാകുന്ന മൂശയിൽ ഉരുത്തിരിച്ച് പ്രായോഗികത കൈവരുത്തി പ്രാവർത്തികമാക്കുകയെന്നതാണ് ഒരു ദാർശനികന്റെ ദൗത്യം. ഇവിടെ ദൈവത്തിന്റെ ദാനവും അതു ഉൾക്കൊണ്ട് പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിലുള്ള മനുഷ്യന്റെ പങ്കും സമന്വയിക്കപ്പെടുന്നു. ഇപ്രകാരമുള്ള ദർശന വ്യാഖ്യാനത്തിന് അഞ്ചു തലങ്ങൾ നമുക്ക് കണ്ടെത്താം:

***അന്വേഷണദർശനം:*** സർ ഐസക്ക് ന്യൂട്ടന്റെ ജീവിതാനുഭവം ഇതിനുദാഹരണമാണ്. ഒരു കാര്യം എന്തുകൊണ്ട് ഇന്നു ചെയ്തുവരുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി ചെയ്തുകൂടാ എന്നുള്ള ചോദ്യം പുതുമയെ കണ്ടെത്തുവാൻ സഹായിക്കും. ഇന്ന് നമ്മുടെ സ്ഥാപനങ്ങളിലും മറ്റു പ്രവർത്തനരംഗങ്ങളിലും കാണുന്ന പഴമയുടെ തനിയാവർത്തന രീതി ദർശനത്തിനു വിലങ്ങുതടിയാണ്. നമ്മുടെ ആരാധനയിലെ ഒരു വാക്യം ഇതോട് ബന്ധപ്പെടുത്തി ഓർമ വരുന്നു: 'ആദിയിലും ഇപ്പോഴും എന്നേക്കും ഉള്ള പ്രകാരം തന്നെ, ആമെൻ'. നമ്മുടെ പല പ്രവർത്തനങ്ങളുടേയും ഒരു വിശേഷണമല്ലേയിത്! ഇതിനുപകരം ഇന്നു നാം അവലംബിച്ചിട്ടുള്ള പ്രവർത്തനശൈലിയെക്കുറിച്ച് ആരോഗ്യപരമായ ഒരു അസഹിഷ്ണുത നാം എപ്പോഴും പുലർത്തണം. അത് നമ്മെ പുതുമയിലേക്കും നൂതന പ്രവർത്തനരീതികളിലേക്കും നയിക്കും.

***പ്രായോഗിക ദർശനം:*** ക്രിസ്തീയ സഭയെപ്പറ്റി ഉന്നയിക്കുന്ന ഒരു പ്രധാന നിരൂപണം, സഭ ഉന്നതആശയങ്ങൾ വാക്കുകളാൽ പ്രകടമാക്കുമെങ്കിലും പ്രായോഗികതലത്തിൽ അവ പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെടുന്നു എന്നതാണ്. നാം പലപ്പോഴും പറയുന്ന ഒരു ആശയം ഇതാണ്-ഇന്നിന്ന സംഗതികളൊക്കെ ഉണ്ടായിരുന്നുവെങ്കിൽ എനിയ്ക്ക് വൻകാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമായിരുന്നു എന്ന്. എന്നാൽ ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത് ഇല്ലാത്ത സംഗതികളെച്ചൊല്ലി പിറുപിറുപ്പാനല്ല, ഉള്ള സംഗതികളിൽക്കൂടെ (അത് എത്ര ശുഷ്കമായിരുന്നാലും) അതിശയം പ്രവർത്തിക്കുവാനാണ്, സഭയിൽ എവിടെ നോക്കിയാലും, ഇല്ലാത്തതും ശുഷ്കവുമായ വിഭവങ്ങളെക്കുറിച്ചുള്ള പിറുപിറുപ്പ് നാം കേൾക്കുന്നില്ലയോ? എന്നാൽ ദൈവദർശനം നമ്മെ പരിമിത വിഭവങ്ങളുപയോഗിച്ച് പ്രായോഗികമായി വലിയ കാര്യങ്ങൾ ചെയ്തെടുക്കുവാൻ പഠിപ്പിക്കുന്നു.

***സൗന്ദര്യദർശനം:*** ഇന്നു നാം അധിവസിക്കുന്ന സമൂഹം വൈകൃതങ്ങളുടേയും ദോഷപ്രവണതകളുടേയും സമാഹാരമാണ്. അതിന്റെ മദ്ധ്യത്തിൽ ജീവിക്കുന്ന നാം സ്വാഭാവികമായും ഈ ദോഷാത്മകതയ്ക്ക് അടിമകളായിത്തീരുന്നു. വർത്തമാനപത്രമായാലും, റേഡിയോ - ടെലിവിഷൻ മാധ്യമമായാലും, ദോഷാത്മകതയ്ക്ക് മുൻതൂക്കം കൊടുക്കുന്നത് നമുക്കനുഭവമാണ്. എന്നാൽ ദൈവസൃഷ്ടിയുടെ മുഖമുദ്ര സൗന്ദര്യമാണ്. സൃഷ്ടിയിൽ 'എല്ലാം നല്ലത്' എന്ന് ദൈവം വിളംബരം ചെയ്തു. മനുഷ്യന്റെ വീഴ്ചയാൽ സൃഷ്ടിയ്ക്ക് എത്രമാത്രം വൈകല്യം സംഭവിച്ചെന്നിരുന്നാലും അതു പൂർണമായും വൈകൃതമാക്കപ്പെട്ടിട്ടില്ല. ദൈവത്തോടു ചേർന്ന് ആ കൂട്ടായ്മയുടെ അനുഭവത്തിൽ ചുറ്റുപാടുകളെയും മനുഷ്യരേയും വീക്ഷിച്ചാൽ ഭൂരിഭാഗം വൈകൃതത്തിന് അടിമപ്പെട്ടിരിക്കുന്ന അവസ്ഥയിലും, അതിന്റെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്ന സൗന്ദര്യാംശത്തെ നമുക്കു കാണുവാൻ സാധിക്കും. മറ്റുള്ളവരെയും ചുറ്റുപാടുകളെയും നോക്കുമ്പോൾ അവരിലുള്ള സൗന്ദര്യാംശത്തെ കാണുവാനും അഭിനന്ദിക്കുവാനും ദൈവദത്തമായ ദർശനം നമ്മെ സഹായിക്കുന്നു. തിന്മയെ അതിജീവിക്കുവാൻ, ദുർലഭമെങ്കിലും, ഇന്നും നിലനിൽക്കുന്ന നന്മയെ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക മാത്രമാണ് ഏക മാർഗം.

***ക്രിയാത്മകദർശനം:*** മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ, പ്രകൃതിയിലെ മറ്റെല്ലാ സൃഷ്ടികളിൽ നിന്നു വ്യത്യസ്തമായി, അവനെ സൃഷ്ടികർമത്തിന് പങ്കാളികളാക്കി. ഈ പ്രക്രിയ ഇന്നും തുടരുന്നു. ലണ്ടനിലെ സെയ്ന്റ് പോൾസ് കത്തീഡ്രലിന്റെ ശിൽപി സർ ക്രിസ്റ്റഫർ റെൻ ഇതേക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ദേവാലയപണി നടക്കുന്ന സ്ഥലത്ത് വേഷപ്രച്ഛന്നനായി ചെന്ന അദ്ദേഹം ഒരു കല്ലാശാരിയേയും, ഒരു മരയാശാരിയേയും കണ്ട് 'താങ്കൾ എന്താണുചെയ്യുന്നത്' എന്ന് ചോദിച്ചു. അവരുടെ നീരസഭാവത്തോടെയുള്ള മറുപടി 'ഞാൻ കല്ല് ചെത്തി ശരിപ്പെടുത്തുന്നു/ മരപ്പണി ചെയ്യുന്നു. അതിന് ഞങ്ങൾക്ക് ഇത്രയും കൂലി കിട്ടുന്നു' എന്നായിരുന്നു. തുടർന്ന് ഇതേ ചോദ്യത്തിനു മേസ്തിരി കൊടുത്ത മറുപടി, 'ഞാൻ ഒരു ഭദ്രാസനപ്പള്ളിയുടെ പണിയിൽ ഏർപ്പെട്ടിരിക്കുന്നു' എന്നത്രെ. ആദ്യത്തെ രണ്ടു പണിക്കാർ ചെയ്തുകൊണ്ടിരുന്നതും അതുതന്നെ. എന്നാൽ മൂന്നാമത്തെ ആളിനുമാത്രമേ താൻ ചെയ്യുന്ന പ്രവൃത്തിയുടെ ഉന്നതമായ അർത്ഥം ഗ്രഹിക്കുവാൻ സാധിച്ചുള്ളൂ. ഇതത്രെ

*(ശേഷം പേജ് 4)*

# Pen from Den

## Daniel Babu Paul



**I do not know how we can experience the joy of Christmas in this third millennium. The two components highlighted by the angel, absence of fear and presence of happiness, are both missing. Yet there is a way. The way leads from fields outside the village where the shepherds are guarding their flocks of sheep to the city of David where the child lies in swaddling clothes in the manger. Are we willing to traverse that path? If we are, then let us run to the village; If we run then we will return in due course glorifying and praising God.**

As Christmas approaches I cannot but recall the transformation of Christmas in my own mind over the fifty-plus years of clear memory. When we were young there were two Christmases every year, December for the Latins and January for the Syrians. Now I know that neither is real Christmas, what we celebrate is a baptised Pagan festival. As a student of the Bible I feel that it is more reasonable to think that Jesus was born before end November or after February. I also know today that this is the second Christmas of the new century only because we follow a certain calendar; Jesus was born at least 2008 years ago. How I wish I could unlearn these facts. Or at least learn not to notice them. And get back the excitement of the child which I, the adult man, lost somewhere on the way.

I know that it is not easy for a Christian to celebrate Christmas honestly today, wherever one is, and whichever one's denomination is, but it is all the more sad for me to re-live the joy of Christmas this year in Kerala as a member of the Syrian Orthodox Church. There are two families in Perumbavoor, close to where I had seen my Christmas evolve, where tears form the response to the angels. You could argue that one was an accident sought by the victim and the other was a crime beyond what the organizers had wanted(!), but I get no consolation from either thought. The blood of Binu and Varghese is red in colour; the tears of their families have the same chemical composition. The One who created both should know; praise be to Him for showing us how we need him today more than at any other time in recent memory.

"Don't be araid!" he said, "I bring you good news of great joy for everyone". That is Luke 2:10 in the NEW LIVING TRANSLATION. No fear. And great joy. For *everyone.* No fear for Binu and Varhese, and joy for their families? No fear for Chinnu the child abandoned hurt, and joy for her forlorn mother? No fear for the American Black, and joy for all Iraqi Arabs?


I do not know how we can experience the joy of Christmas in this third millennium. The two components highlighted by the angel, absence of fear and presence of happiness, are both missing. Yet there is a way. If there was none the Incarnation would have been futile. The way leads from fields outside the village where the shepherds are guarding their flocks of sheep to the city of David where the child lies in swaddling clothes in the manger. Are we willing to traverse that path, leaving our earthly flocks of burden to God's care, concerned only about what awaits us in the manger in Bethlehem, *this wornderful thing that has happened, which the Lord has told us about?* If we are, then let us run to the village; If we run then we will return in due course *glorifying and praising God.*

It was Fulton Sheen who said that only the wise and the illiterate who come to meet the Lord finally, as it was 2000 years ago, so it is today. We the halfbaked intellectuals and the half-hearted believers do not make it to the manger. The illiterate woman in my village parish who would not know that there is a word *kenosis* would meet the One who come down while I grapple with theological formulations on Incarnation and do not even choose to hear the eternal question *quo vadis.*

The joy of Christmas will vanish if it is not a joy for all. And it cannot be a joy for all unless it becomes a joy for us individually to start with. Once we experience the joy it becomes infectious and we spread it to the society around. But to experience that we need to have the humility of the shepherds.

Humility is the key word. Sheen and Barclay and many others have written about the entry to the crypt in Bethlehem. The Church of Nativity is large but the cave is tiny and entry thereto is inaccessible unless we are ready to crawl in. It is no place for any one who cannot bend and bow and crawl on all fours, surrender in total humility. That humility has to be divinely inspired. It is not the humility for public consumption, it is the humility to acknowledge that whatever we have is His gift. The Orthodox prelates use the expression "I the weak", (ബലഹീനനായ ഞാൻ) some forget the weakness and say ബലഹീനനായ നാം! though. This expression is meant to glorify the Holy Spirit in all humility, without Him I am not strong at all. It is easy for me to say that I am a poor speaker, but it would be as blasphemous for me to say so as to say that my oratorical skills are of my making. I acknowledge that God has given me a gift, just as He has denied me many other gifts.

Let us run to the Manger in excitement and anticipation; we shall return with joy in our heart and praise on our lips.



# ആരുടെ വീടാണ് കത്തിയത്?

ഫാ. ഡോ. എ. പി. ജോർജ്

**നിങ്ങൾക്കു ചുറ്റും കത്തിയെരിയുന്നവരെ കാണുന്നുണ്ടോ? മനസ്സു കത്തുന്നവർ, ശരീരം കത്തുന്നവർ, മോഹങ്ങൾ കത്തുന്നവർ. അവരെ കാണുമ്പോൾ എന്റേതൊന്നും കത്തുന്നില്ലല്ലോ; കർത്താവേ, സ്തോത്രം എന്നാശ്വസിക്കുകയാണോ നിങ്ങൾ?**

ദൈവഭക്തനായ ഒരു ഡോക്ടർ, ഒരിക്കൽ രോഗികളെ പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ, 'വീടിനു തീ പിടിച്ചു, ഓടിയെത്തണ'മെന്ന ഒരു സന്ദേശം ലഭിച്ചു. വീട്ടിലേക്കു കാറിൽ പാഞ്ഞുചെന്നപ്പോൾ ശക്തിയായ പുകയും ആളിക്കത്തുന്ന തീയും കണ്ടു പരിഭ്രാന്തനായ ഡോക്ടറുടെ കാറിനടുത്ത് ഓടിയെത്തി ഒരാൾ പറഞ്ഞു: വിഷമിക്കേണ്ട, ഡോക്ടറുടെ വീടല്ല തൊട്ടടുത്ത വീടാണ് കത്തിയത്. "എന്റെ ദൈവമേ, സ്തോത്രം" എന്നായിരുന്നു ഡോക്ടറുടെ പ്രതികരണം. പക്ഷേ അടുത്ത നിമിഷത്തിൽ ഡോക്ടറുടെ ക്രിസ്തീയ മനസ്സാക്ഷി അയാളെ കുറ്റപ്പെടുത്തി. അയൽക്കാരന്റെ വീടു കത്തുമ്പോൾ ദൈവത്തിനു സ്തോത്രം പറയുവാൻ നിനക്കെങ്ങനെ കഴിഞ്ഞു? അവന്റെ ദുഃഖവും വേദനയും നിന്നെ അസ്വസ്ഥനാക്കുന്നില്ലേ? തന്റെ തെറ്റു തിരിച്ചറിഞ്ഞ് അയൽക്കാരന്റെ അത്യാഹിതത്തിൽ ഓടിച്ചെന്നു ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു ഡോക്ടർ നേതൃത്വം കൊടുത്തു.

ആരും തന്റെ സ്വന്തകാര്യം മാത്രം നോക്കരുത്, അയൽക്കാരന്റെ കാര്യവും നോക്കണമെന്ന സെയ്ന്റ് പോളിന്റെ ഉപദേശത്തിന്റെ പ്രസക്തി ഇരുപതാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ മറന്നുകൊണ്ടിരിക്കുകയാണ്. മുൻപറഞ്ഞ ഡോക്ടറെപ്പോലെ സ്വാർത്ഥചിന്തകളെ തിരുത്തുന്നവർ വളരെ കുറവാണ്. അയൽക്കാരന്റെ വീടു കത്തിയാൽ നമുക്കെന്ത്? ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ വർഗീയ കലാപമുണ്ടാക്കി മരിച്ചുവീണാൽ നമുക്കെന്താ? വടക്കേ ഇന്ത്യയിൽ മതഭ്രാന്തു മുഴുത്ത് ആളുകൾ വെട്ടിക്കുത്തിച്ചത്താൽ നമുക്കെന്താ? സ്വന്തം ഇടവകയിൽ ഒരു കുടുംബം ആത്മഹത്യചെയ്താൽ അച്ചനും കമ്മിറ്റിക്കാർക്കുമെന്താ ചേതം? ഒരു സൺഡേസ്കൂൾ വിദ്യാർത്ഥി സമൂഹദ്രോഹിയായി നാടുവിട്ടുപോയാൽ അദ്ധ്യാപകർക്കെന്തു വിഷമമുണ്ട്?.......ഇതൊന്നും നമ്മെ വേദനിപ്പിക്കുന്ന വിഷയങ്ങളേ അല്ല. കാരണം, അവരൊക്കെ "അന്യരാണ്." അവരുടെ അത്യാഹിതത്തെക്കുറിച്ചു കേൾക്കുമ്പോൾ, കർത്താവേ! നിനക്കു സ്തോത്രം, എന്റെ കുടുംബത്തിന് ഒന്നും സംഭവിച്ചില്ലല്ലോ എന്ന ആശ്വാസമാണു പലർക്കും.

നമ്മുടെ മനസ്സു വളരെ സങ്കുചിതമായിരിക്കുന്നു. നമ്മെ കണ്ടു വളരുന്ന പിൻതലമുറയുടെ മനസ്സിൽ ഞാനെന്ന ചിന്ത മാത്രം, അയൽക്കാർ അന്യരും. അവരുടെ അത്യാഹിതത്തിൽ സ്തോത്രം എന്നു പറയുന്ന ക്രിസ്ത്യാനിയും സ്വാർത്ഥചിന്തയുടെ വിഷവിത്തുകളാണ്. അപ്പനെയും അമ്മയെയും വീട്ടിൽനിന്നു ഇറക്കിവിടുവാനും സഹോദരങ്ങൾക്കെതിരെ കേസുകൊടുക്കുവാനും അവരെ കണ്ടാൽ മിണ്ടാതിരിക്കുവാനും ഭർത്താവിനെ പ്രേരിപ്പിക്കുന്ന ഭാര്യ, സമൂഹത്തെ ചൂഷണം ചെയ്തു പണം വാരിക്കൂട്ടുന്ന കുടുംബനാഥൻ, വല്യപ്പൻ കിടക്കയിൽ കിടന്നു വിളിക്കുമ്പോഴും കൂസലില്ലാതെ ടി.വി. സീരിയൽ കണ്ടിരിക്കുന്ന മക്കൾ, തന്റെ മക്കളും മക്കളുടെ മക്കളും തങ്ങൾക്ക് സുഖസൗകര്യങ്ങളൊരുക്കുവാൻ മാത്രം ജീവിക്കേണ്ടവർ എന്നു നിർബന്ധം പിടിക്കുന്ന വൃദ്ധമാതാപിതാക്കൾ-സ്വാർത്ഥചിന്തകൊണ്ടു മനസ്സുമുരടിച്ചവരാണിവർ. ഇത്തരം മനോഭാവങ്ങളെ തിരുത്തുവാൻ വേണ്ടിയാണ് തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കുവാൻ ക്രിസ്തു ആഹ്വാനം ചെയ്തത്.

പക്ഷേ പല ക്രിസ്ത്യാനികൾക്കും ക്രിസ്തു ഇനിയും മാതൃകയായിട്ടില്ല. സ്വർഗീയ സിംഹാസനത്തിൽ പിതാവാം ദൈവത്തോടൊപ്പം അതുല്യസ്ഥാനം അലങ്കരിച്ചിരുന്നപ്പോഴാണു താഴെ മനുഷ്യന്റെ ഉദ്ധാരണത്തെപ്പറ്റി ചിന്തിക്കുവാനും ഹീനവേഷമെടുക്കുവാനും ക്രിസ്തു തയാറായത്. ദൈവം സ്വന്തം സുഖസൗകര്യങ്ങൾ മാത്രം നോക്കാതെ മനുഷ്യരെപ്പറ്റി ചിന്തിച്ചു. അതേ, മനുഷ്യരോടുള്ള സ്നേഹം ദൈവത്തെ അതിനു പ്രേരിപ്പിച്ചു. മദർ തെരേസയെ പ്രേരിപ്പിച്ചതും ഈ സ്നേഹമാണ്.

നമുക്കെന്താ മറ്റുള്ളവരുടെ കാര്യത്തിൽ ഇതൊന്നും തോന്നാത്തത്? അങ്ങനെയൊക്കെ തോന്നാനേ, ഇമ്മണി ചേതമുണ്ട്. നിങ്ങൾക്കു ചുറ്റും കത്തിയെരിയുന്നവരെ കാണുന്നുണ്ടോ? മനസ്സു കത്തുന്നവർ, ശരീരം കത്തുന്നവർ, മോഹങ്ങൾ കത്തുന്നവർ. അവരെ കാണുമ്പോൾ എന്റേതൊന്നും കത്തുന്നില്ലല്ലോ; കർത്താവേ, സ്തോത്രം എന്നാശ്വസിക്കുകയാണോ നിങ്ങൾ? എങ്കിൽ, നിങ്ങൾ സഭയ്ക്കും സമൂഹത്തിനും ഭാരമാണ്. നമുക്കു ചുറ്റുമുള്ളവരുടെമേൽ ആളിക്കത്തുന്ന തീ കെടുത്തേണ്ടവർ നമ്മൾ തന്നെയാണ്. അവരിലെ ആകാംക്ഷയാകുന്ന തീ കെട്ടടങ്ങാതെ നമ്മുടെ മനസ്സും ശാന്തമാകില്ലെന്നോർക്കണം. നമുക്ക് ഈ തീ കെടുത്തുവാൻ ശ്രമിച്ചാലോ? ഒരു പക്ഷേ, അതിനു ശ്രമിക്കുമ്പോൾ നിങ്ങൾ നിങ്ങളെയും കുടുംബത്തെയും മറന്നുപോയേക്കാം. അതിനെന്താ, കരുതുന്ന ദൈവമില്ലേ. ●

## ദർശനം: (പേജ് 2 തുടർച്ച)

ക്രിയാത്മക ദർശനം. വെല്ലൂർ സി.എം.സി. സ്ഥാപക ഡോ. ഐഡ സ്കഡറിന്റെ ഒരു പ്രാർത്ഥനയിലെ വാചകം ഇപ്രകാരമാണ്: ***ദൈവമേ, ചെറിയ കാര്യങ്ങളുടെ വലിയ അർത്ഥം കാണുവാൻ എന്നെ സഹായിക്കണമേ.*** അപ്രകാരം നാം ഇന്നു ചെയ്യുന്ന പ്രവർത്തനങ്ങൾ നിത്യതയുടെ പശ്ചാത്തലത്തിൽ കാണുകയെന്നതാണ് ദർശനത്തിന്റെ അർത്ഥം.

*പ്രവചനദർശനം:* ദൈവം നമ്മെ സമൂഹത്തിന്റെ മനഃസാക്ഷിയും സൃഷ്ടിയെ സംബന്ധിച്ചുള്ള ദൈവഹിതത്തിന്റെ പ്രവാചകന്മാരുമാക്കിയിരിക്കുന്നു, പ്രവാചകൻ ഭാവികാര്യങ്ങൾ കവടിനിരത്തിപ്പറയുന്ന ഒരുത്തനല്ല. വർത്തമാനകാലത്തിന്റെ എല്ലാ സംഗതികളും അവഗാഢം കാണുന്നവനും പഠിക്കുന്നവനുമാണ്. ആ പഠിത്തം, സംഭവഗതികളുടെ ദിശ മനസ്സിലാക്കുവാനും, അതിന്റെ വെളിച്ചത്തിൽ ദൈവഹിതം പ്രഖ്യാപിക്കുവാനും സഹായിക്കുന്നു. അത് അപകടപൂർണമായ ഒരു ദൗത്യമാണ്. എന്തെന്നാൽ ഭൂരിഭാഗം പ്രവാചകന്മാരുടെയും അവസാനം രക്തസാക്ഷികളാവുക എന്നതായിരുന്നു. സഭ ഇന്ന് ഒരു പ്രവചനശബ്ദമുയർത്തുന്ന സമൂഹത്തിന്റെ മനഃസാക്ഷിയാകേണ്ടതാവശ്യമാണ്.

ഈ പുതുവർഷത്തിലെ പ്രയാണത്തിൽ പുതുമ ഒരിക്കലും കൈവിടാതെ അതിനടിസ്ഥാനമായ ദൈവദർശനം ഉൾക്കൊണ്ടവരായി ജീവിപ്പാനും കർത്താവിന്റെ സ്നേഹത്തെയും രക്ഷാദാനത്തെയും മറ്റുള്ളവരുമായി പങ്കിടുവാനും ദൈവം നമ്മെ പ്രാപ്തരാക്കട്ടെ. എന്താണ് പൊളിച്ചുമാറ്റേണ്ടത്, എന്തൊക്കെയാണ് പണിതുയർത്തേണ്ടതെന്ന ദർശനം ദൈവം നമുക്കു നൽകട്ടെ. അമേരിക്കയിലെ യൂണിയൻ ബിബ്ലിക്കൽ കോളജ് പ്രൊഫസറായിരുന്ന ഡോ. റയ്നോൾഡ് തന്റെ വേനൽക്കാലവസതിക്കു സമീപമുള്ള പള്ളിയിൽ പ്രസംഗസമാപ്തിയായി ഉപയോഗിച്ച പ്രാർത്ഥന നമ്മുടെ പുതുവത്സര പ്രാർത്ഥനയായിരിക്കട്ടെ. *'O God, give us the serenity to accept what cannot be changed, the courage to change what can be changed and the wisdom to know the difference'.* ●



# കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള പാർശ്വ ചിന്തകൾ

ഡോ. സി. ജെ. റോയ്

## ഇല കൊഴിയും കാലം

ഒരു ക്രിസ്മസ് കൂടെ നമ്മെ കടന്നുപോകുന്നു.

പതിവുള്ള ആഘോഷപരിപാടികൾ: ആശംസാസന്ദേശങ്ങൾ, നക്ഷത്രവിളക്കുകൾ, ദീപാലങ്കാരങ്ങൾ, കരോളുകൾ, വിരുന്നുകൾ, വിവിധ വിനോദങ്ങൾ, സംഗീതവും നൃത്തവും. അവയുടെ കോലാഹലങ്ങൾക്കിടയിലും കാതുകളിലെത്തുന്നു, അസംതൃപ്തിയുടെ ഒട്ടേറെ അനുരണനങ്ങൾ. ആഘോഷങ്ങളിലും ആചരണങ്ങളിലും ക്രിസ്തു വിസ്മരിക്കപ്പെട്ടിരിക്കുന്നുവെന്ന് 'ആത്മീയയാത്ര', ആഡംബരത്തിന്റെ ആലസ്യത്തിൽ മയങ്ങുന്നവർക്കു നിരത്തിനരികിൽ പിറക്കുന്ന ഉണ്ണിയെ കണ്ടെത്താനാകുന്നില്ലെന്ന് 'അസീസി', കച്ചവടത്തിന്റെയും കെട്ടുകാഴ്ചകളുടെയും ഉത്സവമായിരിക്കുന്നു ക്രിസ്മസെന്ന് 'ക്രൈസ്തവ കാഹളം', അശരണരെയും ആലംബഹീനരെയും വേലിക്കെട്ടിനുള്ളിൽ വേർതിരിച്ചു നിർത്തുന്ന സാമൂഹ്യപ്രവാചകരായി നാം മാറുന്നുവെന്ന് 'മാർത്തോമാ യുവദീപം', രണ്ടായിരം വർഷം മുമ്പു മാലാഖമാർ പാടിയ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വവും ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനവും" എന്ന അതിമനോഹരഗാനം മത-രാഷ്ട്രീയനേതാക്കളുടെ അധരവ്യായാമമായി മാറിയിരിക്കുന്നുവെന്ന് 'സിറിയൻ ഓർതഡോക്സ് കോട്ടയം ഡയോസിസൻ ജേർണൽ'.......

ആരെയും എറിയാൻ കല്ലുകൾ തേടേണ്ടതില്ല. ഇത് കാലം നമുക്കു മുന്നിൽ നിവർത്തിപ്പിടിക്കുന്ന കണ്ണാടി. കറുത്ത ഈ പാടുകൾ നമ്മുടെ മുഖത്തുള്ള വൈകൃതങ്ങൾ തന്നെ. തിരിഞ്ഞുനോക്കുമ്പോൾ അങ്ങു ദൂരെ ആദ്യത്തെ ക്രിസ്മസ്. ആഘോഷങ്ങളില്ല. ആർക്കും വേണ്ടാതിരുന്ന കാലിത്തൊഴുത്തിലായിരുന്നല്ലോ തിരുപ്പിറവി. നവജാതശിശുവിനെ പൊതിഞ്ഞിരുന്നതു കീറ്റുശീലകൾ. ശിശുവിനരികിൽ ആകെയുണ്ടായിരുന്നതു നിരാലംബരായ ജോസഫും മറിയയും. (ഒരു പക്ഷേ, അത്ഭുതം കൊണ്ടു വിടർന്ന കണ്ണുകളുമായി ഒന്നോ രണ്ടോ കന്നുകാലികളും!) എങ്കിലും ആ ക്രിസ്മസ് അർത്ഥപൂർണമായിരുന്നു. എന്തുകൊണ്ടെന്നാൽ, അതിൽ ക്രിസ്തു ഉണ്ടായിരുന്നു, ക്രിസ്തു നൽകുന്ന സ്നേഹവും സമാധാനവുമുണ്ടായിരുന്നു.

ആ സ്നേഹവും സമാധാനവും നിറഞ്ഞുനിന്ന ഒന്നായിരുന്നു ആദിമസഭ. കർത്താവേ, കർത്താവേ, എന്നു വിളിക്കുന്നുവരുടേതല്ല, യേശു പറഞ്ഞ തരത്തിൽ സ്വർഗസ്ഥനായ തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരുടെ സമൂഹം. യേശു തന്നെ വെളിപ്പെടുത്തിയ തരത്തിൽ വിശക്കുന്നവനു ഭക്ഷണവും, ദാഹിക്കുന്നവനു വെള്ളവും, നഗ്നനു വസ്ത്രവും, രോഗത്തിലും തടവിലും കഴിയുന്നവർക്കു ആശ്വാസവും നൽകുകയെന്ന പിതാവിന്റെ ഇഷ്ടം അവർ പാലിച്ചു. ഒന്നും സ്വന്തമായി കരുതിയില്ല അവർ; എല്ലാം എല്ലാവർക്കും വേണ്ടി. പാരമ്പര്യത്തിന്റെയും പ്രാദേശികത്വത്തിന്റെയും ഭിന്നതകളിൽ നിന്ന് അവർ അകന്നുനിന്നു. എല്ലാ പീഡനങ്ങളെയും ഒറ്റക്കെട്ടായി നേരിട്ടു. പീഡനകാലം അവസാനിക്കുകയും രാജകീയമതമെന്ന പദവിയിലേക്കു വളരുകയും ചെയ്തതോടെ പതനം. അധികാരമത്സരങ്ങൾ, അഭിപ്രായഭിന്നതകൾ, അഴിമതികൾ, വിശ്വാസപരവും വിശ്വാസേതരവുമായ പിളർപ്പുകൾ. പാശ്ചാത്യമെന്നും പൗരസ്ത്യമെന്നുമായിരുന്നു തുടക്കം. പിന്നെപ്പിന്നെ അവയുടെ അർത്ഥശൂന്യമായ പരമ്പരകൾ.

മാർത്തോമാശ്ലീഹ നട്ടുപിടിപ്പിച്ച മലങ്കരസമൂഹത്തിന്റെ കഥയും മറ്റൊന്നായിരുന്നില്ല. ഹൈന്ദവസംസ്കൃതിയുടെ ആനുകൂല്യത്തിലും അതിനോടുള്ള വിധേയത്വത്തിലുമായിരുന്നു അവരിവിടെ നിലനിന്നുപോന്നത്. പടിഞ്ഞാറുനിന്നു വന്ന മിഷനറിമാരാണ് അതിനൊരു മാറ്റം വരുത്തിയത്. ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ നിറവിൽ അവർ പകർന്നുതന്ന സ്നേഹമാണ് ക്രൈസ്തവരെന്ന സമുന്നത പദവിക്കു നമ്മെ അർഹരാക്കിയത്. അവർ നമുക്കുവേണ്ടി ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരശാലകളും പത്രമാസികകളും അവർണരെന്ന പേരിൽ പലതരം പരാധീനതകൾക്കു വിധിക്കപ്പെട്ടിരുന്ന സഹജീവികളുടെ ഉദ്ധാരണത്തിനുള്ള ശ്രമങ്ങളും സാർത്ഥകജീവിതത്തിന്റെ ആദ്യപാഠങ്ങൾ നമുക്കു നൽകി. ആ വിശിഷ്ടമാതൃക നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്നു. സ്ഥാനമാനങ്ങൾക്കും സാമ്പത്തികനേട്ടങ്ങൾക്കും അധികാരസ്ഥാപനത്തിലുമായിരിക്കുന്നു നമുക്കിന്നു താത്പര്യം. വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരസേവനകേന്ദ്രങ്ങളുമെല്ലാം അവയുടെ സങ്കേതങ്ങൾ. ക്രിസ്മസിൽ നിന്നെന്നപോലെ അവയിൽ നിന്നും ക്രിസ്തു അകന്നുകൊണ്ടിരിക്കുന്നു.

നമ്മിൽ നിന്ന് ക്രിസ്തു അകലുകയെന്നാൽ നമുക്കു നമ്മെത്തന്നെ നഷ്ടപ്പെടുന്നുവെന്നാണർത്ഥം. കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ കവിയെന്ന് അറിയപ്പെടുന്ന ടി. എസ്. എലിയട്ട് പറഞ്ഞ ഒരു വാക്യമുണ്ടല്ലോ: "പൊള്ളയായ മനുഷ്യരാണു നാം". പൊള്ളയാവുകയെന്നാൽ ആത്മീയദർശനങ്ങൾ നഷ്ടപ്പെട്ട് മൃഗതുല്യരായി മാറുകയെന്നാണ്.

ഈ വിപര്യയം താൽക്കാലികമാകാം. പ്രകൃതി അങ്ങനെയൊരു പാഠം നമുക്കു കാണിച്ചു തരുന്നുണ്ട്. കാലാവസ്ഥയുടെ കാഠിന്യത്തെ അതിജീവിക്കാൻ പല മരങ്ങളും അവയുടെ ഇലകൾ കൊഴിച്ചുകളയുന്നു. അനുകൂലകാലാവസ്ഥയെത്തുമ്പോൾ മരങ്ങൾ നിറയെ പുത്തൻ തളിരുകൾ. നമുക്കാശ്വസിക്കാം: നമ്മുടെ സമൂഹവും ഇന്ന് അത്തരമൊരു കാലഘട്ടത്തിലാകാം; ഇല കൊഴിയും കാലം! ●

**One day a Sardarji was sitting in his office on the 13th floor when a man came running into his office and shouted "Santa Singh, your daughter Preethi just died in an accident." Sardarji was in panic. Not knowing what to do, he jumped from his office window. While coming down, when he was near the 10th floor, he remembered that he didn't have a daughter by name Preethi. When he was near the 5th floor, he remembered he was not married. When he was about to hit the ground, he remembered his name was not Santa Singh!!**

# അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മാതൃ–പിതൃ സങ്കൽപം



ഡോ. വൽസൻ തമ്പു

നിത്യമൂല്യങ്ങളെ ഉൾക്കൊള്ളുന്ന വ്യക്തിത്വത്തിന്റെ വികസനമായിരിക്കണം വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടേണ്ടത്. വ്യക്തിത്വം വളരണമെങ്കിൽ സമീകൃതമായ വളർച്ചയുണ്ടാകണം. അതായത്, ശരീരത്തിനൊപ്പം മനസ്സിനും ആത്മാവിനും. എങ്കിലേ നിർവൃതിയെന്ന അനുഭവം സാധ്യമാകയുള്ളൂ. ലോകത്തിലെ ഏറ്റവും വലിയ അദ്ഭുതം മനുഷ്യമനസ്സിന്റെ വളർച്ചയാണ്. മനുഷ്യൻ ഇത്രയധികം അധ്വാനിക്കുന്ന ഒരു യുഗം ഇതിനുമുമ്പുണ്ടായിട്ടില്ല. കഴിഞ്ഞ സഹസ്രാബ്ദങ്ങളിൽ കണ്ടത് മനുഷ്യൻ അർത്ഥം അന്വേഷിച്ചു നടന്നിരുന്നുവെന്നാണ്. നാം എന്തിനുവേണ്ടി ജീവിക്കുന്നുവെന്ന് ഇന്ന് ആരും ചിന്തിക്കാറില്ല. ഇത് "മെറ്റീരിയലിസ"ത്തിന്റെ യുഗമാണ്. ഉപഭോഗസംസ്കാരത്തിന്റെ കാലാവസ്ഥയും! മെറ്റീരിയലിസത്തിന്റെ പ്രത്യേകത ലക്ഷ്യത്തെക്കുറിച്ചുള്ള അവ്യക്തതയാണ്. എവിടെ എത്തണമെന്നു ധാരണയില്ല. ജീവിക്കാൻ സാഹചര്യങ്ങൾ വേണം. എന്നാൽ, ജീവിതത്തിന്റെ അർത്ഥമെന്തെന്നു ധാരണയില്ല. നാം എവിടെനിന്ന് ആരംഭിച്ചു, എവിടെയെത്തി. ഈ അന്വേഷണമായിരിക്കണം നമ്മെ മുന്നോട്ടു നയിക്കേണ്ടത്. മാഹാത്മ്യത്തിന്റെ ഒരു മുൻവിധി കുഞ്ഞുങ്ങൾക്ക് കൊടുക്കുവാൻ നമുക്കു കഴിയണം. അങ്ങനെ ഒരു സംസ്കാരം നമ്മുടെ ഭവനത്തിൽ സൃഷ്ടിക്കാൻ കഴിയണം. കൊച്ചു കൊച്ചു കാര്യങ്ങളെ ഊതിവീർപ്പിക്കുന്നു. മാഹാത്മ്യമുള്ള കാര്യങ്ങളെ ചേറ്റിൽ വലിച്ചിഴയ്ക്കുന്നു. വിശുദ്ധമെന്ന് മനുഷ്യൻ കണ്ടതെല്ലാം താഴ്ത്തിക്കളയുന്ന പ്രവണതയാണ് ഏറി വരുന്നത്. വിലയും മൂല്യവുമില്ലാത്ത കാര്യങ്ങൾക്കായി മനുഷ്യൻ ജീവൻ കളയുന്നു. പറക്കുന്ന വിമാനം ബോംബ് ആയി ഉപയോഗിച്ച് യുവാക്കൾ അർത്ഥശൂന്യമായ കാര്യങ്ങൾക്കായി തീപ്പൊരിയായി നടക്കുന്നു.

നാം വഹിക്കുന്ന വലിയ കാര്യങ്ങൾ പലപ്പോഴും വെറും ഒന്നുമില്ലായ്മയുടെ കാര്യങ്ങളാണ്. ഘനമായ കാര്യങ്ങളെ നാം അവഗണിക്കുകയാണ്. ഇത് ശബ്ദത്തിന്റെ യുഗമാണ്. അതു മലീമസമാണ്. നാം അറിയുന്ന സത്യം പലപ്പോഴും അപൂർണമാണ്. മനുഷ്യന്റെ വ്യക്തിത്വത്തിനു തിരോധാനം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സാംസ്കാരിക-ബൗദ്ധിക-ആത്മീയവ്യക്തിത്വം വളർത്തിയെടുക്കുവാൻ നമുക്കു കഴിയണം. ഇവിടെയാണ് മാതൃഭാഷയുടെ പ്രസക്തി ഏറെ നിർണായകമാകുന്നത്.

മലയാളിയെപ്പോലെ സ്വന്തം ഭാഷയെക്കുറിച്ച് ഇത്രയും അവജ്ഞയുള്ള മറ്റൊരു ജനവിഭാഗം ലോകത്തില്ല. മഹനീയമാണ് നമ്മുടെ മാതൃഭാഷ; ഒപ്പം സെൻസിറ്റീവും. ആശയപ്രകടനത്തിന് ഇത്രയും പ്രാഗത്ഭ്യമുള്ള മറ്റൊരു ഭാഷ ലോകത്തില്ല. നമ്മുടെ കുഞ്ഞുങ്ങൾക്ക് മലയാളം അറിയില്ലെന്നത് അഭിമാനമായി കരുതുന്നവരുണ്ട്. പക്ഷേ ഓർക്കുക, നാം ആരും ഇംഗ്ലീഷ് ഭാഷ അറിയുന്നവരല്ല. വളരെ സങ്കീർണമായ ഭാഷയാണ് ഇംഗ്ലീഷ്. ഇത് സ്വർഗത്തിലെ ഭാഷയാണെന്നു കരുതുന്നവർക്കാണ് ഇന്ന് മുൻതൂക്കം.

നമ്മുടെ കുഞ്ഞുങ്ങൾ മാതാപിതാക്കളെ കാണുന്നത് പലപ്പോഴും അവജ്ഞയോടെയാണ്. അതിന്റെ പ്രധാന കാരണം അവരുടെ ഇംഗ്ലീഷ് ഭാഷാപ്രയോഗമാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ അടിമയാകരുത്. അവരെ സ്നേഹിക്കുന്നുവെങ്കിൽ മാതാപിതാക്കളുടേതായ അധികാരം ഉപയോഗപ്പെടുത്തുവാൻ അവർ തയാറാകണം. മാതാപിതാക്കളുടെ പക്വതയാർന്ന നിലപാടും ഇവിടെ ഏറെ നിർണായകമാകുന്നു. മാതാപിതാക്കൾ അവരുടെ ചുമതലകളെപ്പറ്റി തികച്ചും ബോധവാന്മാരല്ല. കുഞ്ഞുങ്ങളെക്കുറിച്ച് അംശമായി മാത്രമേ ചിന്തിക്കുന്നുള്ളൂ. കേരളത്തിനു വെളിയിൽ കഴിയുന്ന മലയാളി കുടുംബാംഗങ്ങളുടെ പൊതുവായ നിലപാടിതാണെന്നാണ് വിദ്യാഭ്യാസരംഗത്തെ മൂന്നു പതിറ്റാണ്ടിലധികമുള്ള എന്റെ അനുഭവസമ്പത്തിലൂടെയുള്ള നിരീക്ഷണം. മാതാപിതാക്കന്മാരെക്കുറിച്ച് നിർവൃതിയോടെ ചിന്തിക്കാൻ കുഞ്ഞുങ്ങൾക്ക് അവസരമൊരുക്കുകയെന്നതാണ് ഇതിനുള്ള ഏക പോംവഴി. സമകാലികാവസ്ഥയിൽ മനുഷ്യപ്രകൃതത്തെ ഇങ്ങനെ സംഗ്രഹിക്കാം. ഒന്നാമത്, വസ്തുവകകൾ സമ്പാദിക്കുവാൻ വ്യഗ്രത കാട്ടുന്നവർ. രണ്ട്, മനുഷ്യബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ തൽപ്പരർ. മൂന്നാമത്തെ കൂട്ടരാകട്ടെ, ആശയങ്ങളെ കേന്ദ്രീകരിക്കുന്ന വ്യക്തിത്വങ്ങൾ. ഇവർ മനുഷ്യരോടും പ്രകൃതിയോടും സ്നേഹം കാണിക്കും.

*(മാവേലിക്കര ബിഷപ്പ് മൂർ കോളജ് പൂർവവിദ്യാർത്ഥി സംഘടനയുടെ കുവൈറ്റ് ചാപ്ടർ നൽകിയ സ്വീകരണത്തിൽ, പൂർവവിദ്യാർത്ഥി കൂടിയായ റവ. ഡോ. വൽസൻ തമ്പു ചെയ്ത മറുപടി പ്രസംഗം)* ●


## നിങ്ങൾക്ക് ഒരു കുട്ടിയുടെ ഭാവി രൂപപ്പെടുത്തുവാൻ കഴിയും

അശരണരും അപരിഷ്കൃതരുമായ ജനസമൂഹത്തിന്റെ സാമൂഹികവും ശാരീരികവും ആത്മീയവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് 1998-ൽ ചാരിറ്റബിൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു എക്യുമെനിക്കൽ സന്യാസസമൂഹമാണ് മിഷനറീസ് ഓഫ് മേഴ്സി. കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനഫലമായി അനേകർക്ക് പുതുജീവിതം നൽകുവാൻ കഴിഞ്ഞു.

ഈ വർഷം നഗരങ്ങളിലും പട്ടണങ്ങളിലും അശരണരായി അലയുന്ന 50 തെരുവുകുട്ടികളെ പുനരധിവസിപ്പിച്ച് അവർക്ക് ഭക്ഷണവും വിദ്യാഭ്യാസവും നൽകി നാളെയുടെ ഉത്തമപൗരൻമാരായി വളർത്തുവാൻ ആഗ്രഹിക്കുന്നു. അതിനായി നിങ്ങളുടെ നിസ്വാർത്ഥമായ സഹായം ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. നിശ്ചയമായും നിങ്ങൾക്ക് ഒരു കുഞ്ഞിന്റെ ഭാവി കരുപ്പിടിപ്പിക്കുവാൻ കഴിയും. ഓരോ മാസവും 600 രൂപ നൽകി നിങ്ങൾ ഒരു കുഞ്ഞിനെ ദത്തെടുത്താലും. കുഞ്ഞിന്റെ ഫോട്ടോയും വിശദവിവരങ്ങളും ഞങ്ങൾ നിങ്ങൾക്ക് അയച്ചുതരുന്നതായിരിക്കും. കൂടാതെ, കുട്ടിക്ക് ഉണ്ടാകുന്ന ഉയർച്ച അപ്പപ്പോൾ നിങ്ങളെ അറിയിക്കുന്നതാണ്. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും കുട്ടിയെ വന്നു കാണാവുന്നതും വിവരങ്ങൾ അന്വേഷിക്കാവുന്നതുമാണ്. ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി നിങ്ങൾക്കാവും വിധം സഹായിച്ചാലും! പ്രാർത്ഥിച്ചാലും! "എന്റെ ഈ ഏറ്റവും ചെറിയ സഹോദരൻമാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തുവെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്തായി. 25:4).

നിങ്ങളുടെ സംഭാവനകൾ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. പണം ചെക്കായോ ഡ്രാഫ്റ്റായോ അയയ്ക്കുന്നവർ "Missionaries of Mercy" എന്ന പേരിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:-

**BR. FRANCIS MATHAI VAIDYAN**
Indian Theological Seminary, Poompozhil Nagar, Avadi, Chennai, India-600062
E-mail-mmkottarakara@yahoo.co.in, Phone:044/6384823



# ഡോ. ജോർജ് എം. തോമസ്

## അറിവിന്റെ ലോകത്തെ ശ്രേഷ്ഠാചാര്യൻ

പ്രൊഫ. സഖറിയ മാത്യു

അധ്യാപകരെ ഭയഭക്തിയോടെ മാത്രം കണ്ടിരുന്ന ഒരു നൂറ്റാണ്ട്. കലാലയമുത്തശ്ശിയായ കോട്ടയം സി.എം. എസ്. കോളജിൽ ഇന്റർമീഡിയറ്റ് വിദ്യാർത്ഥികൾക്ക് ഊർജതന്ത്രത്തിലെ തത്ത്വങ്ങൾ സരസമായി പറഞ്ഞുകൊടുക്കുകയാണ് ഫിസിക്സ് ലക്ചറർ. ഒരു കുട്ടി അധ്യാപകനെ തുറിച്ചുനോക്കി നോട്ടുബുക്കിൽ എന്തോ വരച്ചുകൊണ്ടിരിക്കുന്നു. അവന്റെയടുത്തുചെന്ന് തൊണ്ടി സാധനം പിടിച്ചെടുത്ത അധ്യാപകനെ അമ്പരപ്പിച്ച കാഴ്ച, താൻ ക്ലാസ്സെടുക്കുന്നതിന്റെയൊരു രേഖാചിത്രം! ക്ലാസ്സു കഴിഞ്ഞ് തന്നെ വന്നു കണ്ട കുട്ടിയെ അധ്യാപകൻ അഭിനന്ദിക്കുകയും തന്റെ വേറൊരു പോസിലുള്ള ചിത്രം കൂടി വരയ്ക്കാൻ ചട്ടംകെട്ടുകയും ചെയ്തു. ഈ വിദ്യാർത്ഥിയാണ് പിൽക്കാലത്ത് നാടിന്റെ അഭിമാനമായി കലാരംഗത്തു പ്രശോഭിച്ച അരവിന്ദനെന്നോർക്കുമ്പോൾ, സി.എം. എസ്. കോളജ് പ്രിൻസിപ്പൽ പദവിയിൽ നിന്ന് വിരമിച്ചശേഷവും സദാ വായനയിലും പഠനത്തിലും അധ്യാപനത്തിലുമായി സമയം ചെലവിടുന്ന ഡോ. ജോർജ് എം. തോമസ് ഉള്ളുതുറന്ന് ചിരിക്കുന്നു. സാറിന്റെ അഭിപ്രായത്തിൽ, അധ്യാപകൻ അവസാനം വരെയും ഒരു വിദ്യാർത്ഥിയായിരിക്കണം. എല്ലാ മനുഷ്യരിലും നന്മയുണ്ടെന്നു വിശ്വസിക്കുന്ന സാറിന് ആരോടും പ്രത്യേകിച്ച് മമതയോ വിദ്വേഷമോ ഇല്ല. Absolute fairness, academic humility, willing worker തുടങ്ങിയവ സാറിന്റെ നിഘണ്ടുവിലെ ചില പദങ്ങൾ മാത്രം.

1904-ൽ ബേക്കർ മെമ്മോറിയൽ ഗേൾസ് സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിതനായ മുല്ലമംഗലത്ത് ശ്രീ. എം. ടി. തോമസിന്റെ പുത്രനാണ് എൺപത്തഞ്ചുകാരനായ ഡോ. ജോർജ് എം. തോമസ്. കോട്ടയത്ത് മോട്ടോർ കാർ ആദ്യമായെത്തിയത് അദ്ദേഹത്തിന്റെ സ്മൃതിപഥത്തിലുണ്ട്. മിസ്സ് ബേക്കർ മദാമ്മയാണ് കാറിന്റെ ഉടമ. ഡ്രൈവർ കയറിയിരുന്നാൽ തനിയെ ഓടിപ്പോകുന്ന കാർ അന്ന് വിസ്മയമായി. ഭാവിയിൽ ആരാകണമെന്ന് കുട്ടികളോടു ചോദിച്ചാൽ അവർ ഒരേസ്വരത്തിൽ പറയും, കാർ ഡ്രൈവർ. കോട്ടയം ടൗണിലെ ഒരു റോഡു പോലും അന്ന് ടാർ ചെയ്തിരുന്നില്ല. ഏക വാഹനം റിക്ഷയാണ്. മനുഷ്യരെയിരുത്തി മനുഷ്യൻ വലിച്ചുകൊണ്ടോടുന്ന റിക്ഷ. അതിന്റെ മേൽക്കൂര മാറ്റി കാലിന്മേൽ കാലുംവച്ച് സവാരി ചെയ്യുന്ന മാന്യന്മാരെ കാണുമ്പോൾ പലർക്കും അദ്ഭുതം. റിക്ഷാവാലാവർഗത്തിലെ അവസാന കണ്ണി എട്ടുവർഷം മുമ്പാണ് ലോകത്തോടു വിട പറഞ്ഞത്. ഒരുപിടി ദുഃഖങ്ങളും അസുഖങ്ങളുമായിരുന്നു അയാളുടെ സമ്പാദ്യം.

സി. എം. എസ്. കോളജ് പഴയ സെമിനാരിയിൽ നിന്ന് ഇന്നത്തെ കാമ്പസിൽ 1892-ൽ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ എഫ്. എ. ക്ലാസ്സുകൾ മാത്രമാണുണ്ടായിരുന്നത്. റവ. എഫ്. എൻ. ആസ്കിത്ത് ആയിരുന്നു പ്രിൻസിപ്പൽ. മദ്രാസ് യൂണിവേഴ്സിറ്റിയോടു അഫിലിയേറ്റു ചെയ്ത ഈ സെക്കൻഡ് ഗ്രേഡ് കോളജ് 1937-ൽ തിരുവിതാംകൂർ സർവകലാശാലയോടു അഫിലിയേറ്റു ചെയ്യപ്പെട്ടു. എഫ്. എ. നിർത്തിയതോടെ ഇന്റർമീഡിയറ്റ് കോഴ്സ് ആരംഭിച്ചു. 1950-ൽ ബി. എ. ഹിസ്റ്ററി, ബി. എസ്സി. മാത്സ് കോഴ്സുകൾ തുടങ്ങിയതോടെ ഈ സ്ഥാപനം ഒരു ഫസ്റ്റ് ഗ്രേഡ് കോളജായിത്തീർന്നു.

സി.എം.എസ്. കോളജിൽ ഇൻറർമീഡിയറ്റിനു പഠിച്ച ജോർജ് തോമസിന്റെ സഹപാഠികളിലൊരാളാണ് മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു. ഇന്ററിനുശേഷം അണ്ണാമല യൂണിവേഴ്സിറ്റിയിൽ ത്രിവത്സര ബി. എസ്സി (ഓണേഴ്സ്) കോഴ്സിനു ചേർന്ന ജോർജ് തോമസ് പ്രശസ്തമായ നിലയിൽ ബിരുദമെടുത്ത് 1938-ൽ സി.എം. എസ്. കോളജിൽ ഫിസിക്സ് ഡമോൺസ്ട്രേറ്ററായി ജോലിയിൽ പ്രവേശിച്ചു. രണ്ടു വർഷം കഴിഞ്ഞ് ലക്ചററായി സ്ഥാനക്കയറ്റം. അദ്ദേഹത്തിന്റെ സെക്കൻഡ് ബാച്ച് വിദ്യാർത്ഥികളിലൊരാളാണ് മുൻ രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണൻ. ചരിത്രവിദ്യാർത്ഥിയായ നാരായണന് മോറൽ ഇൻസ്ട്രക്ഷൻ ക്ലാസ്സുകളെടുത്തത് ജോർജ് തോമസ് സാറാണ്. സ്വദേശമായ ഉഴവൂർ ഗ്രാമത്തിൽ നിന്ന് കാൽനടയായി വന്നു പഠിച്ച നാരായണൻ അന്നത്തെ പ്രിൻസിപ്പൽ റവ. ഫിലിപ്പ് ലീ-യെ ധൈര്യസമേതം സമീപിച്ച് തന്റെ സാമ്പത്തിക പരാധീനതകളറിയിച്ചു. തുടർന്ന്, സമർത്ഥനായ ആ വിദ്യാർത്ഥിക്ക് മൂന്നിൽ രണ്ട് ഫീസിളവ് സായ്പ് അനുവദിച്ചു കൊടുത്തു. ലോകപ്രശസ്ത ശാസ്ത്രജ്ഞൻ ജോർജ് സുദർശൻ, സുപ്രീംകോടതി റിട്ട. ജസ്റ്റീസ് കെ. ടി. തോമസ്, കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ കെ. ബാബു ജോസഫ്, മുൻ മന്ത്രി ഉമ്മൻ ചാണ്ടി തുടങ്ങിയവരും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപ്പെടും. അധ്യാപകനായിരിക്കവെ മൂന്നുമാസം ബാംഗ്ലൂർ യൂണൈറ്റഡ് തിയളോജിക്കൽ കോളജിൽ ചേർന്ന് ദൈവശാസ്ത്രം പഠിക്കുന്നതിനും സാറിന് അവസരമുണ്ടായി. 1952-ൽ അദ്ദേഹം കോട്ടയം മുനിസിപ്പൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസിന്റെ നുകംവച്ച കാളകളുടെ ചിഹ്നത്തിൽ മത്സരിച്ച അദ്ദേഹം തോൽപ്പിച്ചത് ശിഷ്യന്മാരായ രണ്ട് എതിർസ്ഥാനാർത്ഥികളെയായിരുന്നു. പൊടി പാറുന്ന നാട്ടുവഴികൾ നനയ്ക്കുക, അതായിരുന്നു നഗരസഭയുടെ അന്നത്തെ പ്രധാന ജോലി. തിരുനക്കര മൈതാനം കെട്ടിയടച്ച് വാണിജ്യകേന്ദ്രമാക്കാനുള്ള നിർദ്ദേശമുണ്ടായെങ്കിലും മുനിസിപ്പാലിറ്റി അതംഗീകരിച്ചില്ല. സാറ് കൗൺസിലറായിരുന്നപ്പോൾ ഒരിക്കൽ മൈതാനം അളന്നു നോക്കി. 'ജനലക്ഷങ്ങൾ തടിച്ചുകൂടിയ തിരുനക്കര' എന്ന പ്രയോഗത്തിന്റെ സാധുത പരിശോധിക്കാൻ വേണ്ടിയായിരുന്നു അത്. അയ്യായിരത്തിൽ താഴെ ജനങ്ങൾക്കേ മൈതാനത്തു നിൽക്കാനാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ. അന്നത്തെ പബ്ലിക് ലൈബ്രറിക്കെട്ടിടം ഇരുനിലയായത് സ്വപിതാവ് സെക്രട്ടറിയായിരുന്ന കാലത്താണ്. അന്ന് ദിനപത്രങ്ങളുണ്ടായിരുന്നില്ല. ആഴ്ചയിൽ രണ്ടു ദിവസം പത്രമിറങ്ങും. കോട്ടയത്തു നിന്ന് അച്ചടിച്ചിറങ്ങിയ പത്രങ്ങളുടെ മൂന്നാലു കോപ്പി ലൈബ്രറിയിൽ വാങ്ങി പ്യൂൺ വശം അംഗങ്ങളുടെ വീട്ടിലെത്തിക്കും. അംഗങ്ങൾ തീരെ കുറവായിരുന്ന കാലം. സ്വഭവനത്തിൽ നിന്ന് അടുത്തുള്ള ഏതാനും വീടുകളിലേക്ക് കപ്പിയിൽ ചരടുകോർത്ത് പത്രം കൈമാറിയിരുന്ന പതിവ് സാറിന്റെ ഓർമയിൽ തെളിഞ്ഞുനിൽക്കുന്നു. കുറേ കഴിഞ്ഞ് 'ഹിന്ദു' പത്രം തപാൽമാർഗം

# ക്രിസ്തീയ കാര്യവിചാരകത്വം



റൈറ്റ് റവ. തോമസ് സാമുവൽ

**കാപട്യത്തിന്റെയും വെറുപ്പിന്റെയും അക്രമത്തിന്റെയും സംസ്കാരത്തെ അതിജീവിക്കാൻ സഭയ്ക്കു കഴിയണം. സമകാലിക പിരിമുറുക്കങ്ങളുടെ മദ്ധ്യത്തിൽ സഭയ്ക്ക് ഒരു പുതിയ പ്രതിഛായ ഉണ്ടാകണം.**

ഒരു കാര്യവിചാരകൻ വസ്തുവക നാനാവിധമാക്കുന്നുവെന്ന് അവനെക്കുറിച്ച് ചിലർ ആരോപണമുയർത്തി. യജമാനൻ കാര്യവിചാരകനെ വിളിച്ച് കണക്ക് ഏൽപ്പിക്കുവാൻ ആവശ്യപ്പെട്ടു. യജമാനൻ കണക്കെല്ലാം ഓഡിറ്റു ചെയ്യുമ്പോൾ എന്താകും സ്ഥിതിയെന്ന് അദ്ദേഹം ചിന്തിച്ചു. യജമാനൻ കാര്യവിചാരകത്വത്തിൽ നിന്ന് തന്നെ നീക്കുവാൻ പോകുന്നുവെന്ന് ഭയപ്പെട്ട് തന്റെ മനസ്സിൽ ചില തീരുമാനങ്ങളെടുത്തു. തന്റെ ജോലി നഷ്ടപ്പെട്ടാൽ മറ്റാരുടെയെങ്കിലും വീടുകളിൽ ചെന്നുചേരുവാൻ പറ്റിയ വഴികളെക്കുറിച്ച് ആലോചിച്ചു. പെട്ടെന്ന് കണക്കുനോക്കി, കിട്ടാനുള്ളതെത്രയെന്ന് തിട്ടപ്പെടുത്തി. കടക്കാരെ ഓരോരുത്തരായി വിളിച്ച് കടം ഇളച്ചുകൊടുത്തു. അനീതിയുള്ള കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതിനാൽ യജമാനൻ അവനെ പുകഴ്ത്തി. (ലൂക്കോസ് 16:1-13). യേശു പറഞ്ഞ ഒരു അസാധാരണ കഥയാണിത്. ഈ കഥയ്ക്ക് കുറ്റത്തെയോ വൈകല്യത്തെയോ നികത്തുന്ന വിശിഷ്ടഗുണമുള്ളതും ആശ്വാസകരവുമായ എന്തെങ്കിലും സാമൂഹികമൂല്യമുള്ളതായി തോന്നുന്നില്ല. പിന്നെ ഈ കഥയുടെ ഗുണപാഠമെന്തായിരിക്കാം. "വെളിച്ചമക്കളേക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയുള്ളവരല്ലോ?" എന്ന് യേശു പറഞ്ഞത് ശ്രദ്ധിക്കുക.

നാം നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുവാൻ നമ്മുടെ എല്ലാ കഴിവുകളും ചാതുര്യവും നൈപുണ്യവും പ്രവർത്തനശക്തിയും പ്രസരിപ്പും ക്രിയാത്മകമായി ഉപയോഗിച്ചിരുന്നുവെങ്കിൽ! നിയമലംഘനവും അധാർമികതയും ഒരിക്കലും അംഗീകരിക്കപ്പെടുന്നില്ല. ജോർജ് ബട്ടറിക് ഇപ്രകാരം പറഞ്ഞു: ഒരു പന്തുകളിക്കാരനും, കച്ചവടക്കാരനും, സ്വന്തമായി വീടു പണിയുന്നവനുമൊക്കെ തങ്ങൾ ഏർപ്പെട്ടിരിക്കുന്ന കാര്യങ്ങൾ വിജയിപ്പിക്കുവാൻ പരിശ്രമിക്കുകയും പരിശീലിക്കുകയും പഠിക്കുകയും ചെയ്യുന്നു. ഒരു ക്രൈസ്തവ വിശ്വാസി തന്നെയേൽപ്പിച്ചിരിക്കുന്ന കൃത്യം വിജയിപ്പിക്കുവാൻ ഈ "ലോകത്തിന്റെ മക്കളെപ്പോലെ" ശ്രമിക്കുന്നില്ല. ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ ഗൗരവമായി കണക്കിലെടുക്കുവാനും ദൈവോദ്ദേശ്യം നമ്മിൽ നിറവേറപ്പെടാനും തക്കവണ്ണം ഉദ്ദേശ്യശുദ്ധിയോടെ ജീവിക്കുവാൻ നമുക്കു കഴിയണം. നാമൊക്കെ എത്തേണ്ടിടത്ത് എത്തണം. തിന്മയ്ക്കെതിരായി പോരാടണം. പുനരുദ്ധാരണത്തിന്റെ പാതയിൽ പങ്കാളികളാകണം. Reach, React and Restore- ഇതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം. നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിനെ ഒരു സൈദ്ധാന്തിക ആശയരൂപമായല്ല കാണേണ്ടത്. അവന്റെ കല്പനകളനുസരിച്ച് ജീവിച്ചെങ്കിൽ മാത്രമേ പുനരുദ്ധാരണം സാദ്ധ്യമാകൂ. നമ്മുടെ ബുദ്ധിയും കഴിവുകളും അതിനായി ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. സി.എസ്.ഐ. സിനഡ് എക്സിക്യൂട്ടീവ് സമ്മേളനത്തിൽ റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ ധീരുഭായ് അംബാനിയുടെ വാക്കുകൾ മുഴങ്ങിക്കേട്ടത് ഇപ്രകാരമാണ്: "Growth has no limit. I keep revising my vision. Only when you dream it, you can do it." നമുക്കൊരു പുത്തൻ ദർശനം ഉണ്ടാകണം. അത് എല്ലാവരിലേക്കും പകരപ്പെടണം. ദൈവത്തിന്റെ, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ക്രിസ്തുവിന്റെ വഴിയിൽ നാം മുമ്പോട്ടുപോകുമ്പോൾ സത്യത്തിനു സാക്ഷിയായി ശുശ്രൂഷ ചെയ്ത് ലക്ഷ്യത്തിലെത്താൻ സാധിക്കും. കാപട്യത്തിന്റെയും വെറുപ്പിന്റെയും അക്രമത്തിന്റെയും സംസ്കാരത്തെ അതിജീവിക്കാൻ സഭയ്ക്കു കഴിയണം. സമകാലിക പിരിമുറുക്കങ്ങളുടെ മദ്ധ്യത്തിൽ സഭയ്ക്ക് ഒരു പുതിയ പ്രതിഛായ ഉണ്ടാകണമെന്ന് ആർച്ച് ബിഷപ്പ് ജോർജ് കേറി പറയുന്നു. The Archbishop reminds us of the need for the process of re-imaging the church in the context of new tensions in Asia between those who long for peace and the threats that undermine their desire for peace; between an interfaith world and the clash of religions, the clash between cultures, and above all between globalisation and fragmentation.

*(ഡിസംബർ 4-ന് കോട്ടയത്തു ചേർന്ന സി.എസ്.ഐ. മധ്യകേരളമഹായിടവക കൗൺസിൽ സമ്മേളനത്തിലെ അധ്യക്ഷ പ്രസംഗത്തിൽ നിന്ന്)*

●

---

എത്തിത്തുടങ്ങി. സ്കൂളിലെ അന്നത്തെ കണക്കുപഠിത്തം ബഹുരസമായിരുന്നു. 28 ചക്രം ഒരു സർക്കാർ രൂപയായിരുന്ന കാലം. ബ്രിട്ടീഷ് രൂപയാണെങ്കിൽ 28 1/2 ചക്രവും. ചക്രം കാശാക്കുന്നതും കാശ് രൂപയാക്കുന്നതും ബ്രിട്ടീഷ് രൂപ സർക്കാർ രൂപയാക്കുന്നതും സർക്കാർ രൂപ ബ്രിട്ടീഷ് രൂപയാക്കുന്നതുമാണ് കണക്കുക്ലാസ്സിലെ 'അഭ്യാസങ്ങൾ'.

(1 ചക്രം=16 കാശ്, 4 ചക്രം=1 പണം,
7 പണം =1 സർക്കാർ രൂപ)

കൗൺസിലർ സ്ഥാനം രാജിവച്ച് 1954-ൽ കാനഡയിൽ ഉപരിപഠനാർത്ഥം പോയി. മോൺട്രിയോളിലെ മക്ഗിൽ യൂണിവേഴ്സിറ്റിയിൽ ന്യൂക്ലിയർ ഫിസിക്സിൽ ഗവേഷണം നടത്തി എം.എസ്സി.യും ഡോക്ടറേറ്റും കരസ്ഥമാക്കി ഡോ. ജോർജ് എം. തോമസ് 1958-ൽ തിരിച്ചെത്തി. മുംബൈ അണുശക്തി കേന്ദ്രത്തിൽ ഉയർന്ന ഉദ്യോഗം തരപ്പെട്ടെങ്കിലും സി. എം. എസ്. കോളജിൽ ഫിസിക്സ് വിഭാഗം തലവനായിത്തുടരാനാണ് ഈ അധ്യാപകശ്രേഷ്ഠൻ തീരുമാനിച്ചത്. ആധുനിക സി.എം.എസ്. കോളജിന്റെ ശിൽപിയെന്നറിയപ്പെടുന്ന പ്രിൻസിപ്പൽ ശ്രീ. പി. സി. ജോസഫിന്റെ പിൻഗാമിയായി അദ്ദേഹം 1965-ൽ നിയമിതനായി. അതേവർഷം തന്നെയാണ് അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിൽ എം.എസ്സി. കോഴ്സ് ആരംഭിച്ചതും. ഒരു വ്യാഴവട്ടക്കാലം കോളജിന്റെ സാരഥ്യം സ്തുത്യർഹമായി വഹിച്ച ജോർജ് തോമസ് സാർ 1977-ൽ റിട്ടയർ ചെയ്തു. തുടർന്ന്, നാലുവർഷം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിസിറ്റിങ് പ്രൊഫസറായിരുന്നു. റോട്ടറി ക്ലബ്, ആർട്സ് സൊസൈറ്റി, വൈ. എം. സി. എ., തേഴ്സ്ഡേ ക്ലബ്, ചർച്ച് കമ്മിറ്റി തുടങ്ങി കോട്ടയത്തെ പൊതുപ്രസ്ഥാനങ്ങളിലെല്ലാം സജീവാംഗമായിരുന്ന് തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ഈ പ്രതിഭാധനൻ സീനിയർ സിറ്റിസൺസ് ഫോറത്തിലെ പ്രമുഖാംഗമാണിപ്പോൾ. ശാസ്ത്രസത്യങ്ങൾ കഥാരൂപേണ ലളിതമായി പ്രതിപാദിക്കുന്ന ഏഴു ബാലസാഹിത്യകൃതികൾ പ്രസിധീകരിച്ചുകഴിഞ്ഞു; മൂന്നെണ്ണം പണിപ്പുരയിലും. യാതൊരു ജാടയുമില്ലാതെ എല്ലാ വേദികളിലും നടന്നെത്തുന്ന കഠിനാദ്ധ്വാനിയായ ഈ ശ്രേഷ്ഠാചാര്യന് നമോവാകം.

***ലേഖനകർത്താവ്**: ജോർജ് തോമസ് സാറിന്റെ ശിഷ്യൻ, സഹാധ്യാപകൻ; ഫിസിക്സ്വിഭാഗം തലവൻ (1991-1997).*

●

# *What I owe to* MAHATMAJI

REV. A. C. OOMMEN

It was a pleasant evening in New Delhi. About 300 of us met together on the Birla Grounds for our usual evening prayer. Punctually at 5 p.m., the outside door of the house opened and Gandhiji walked out supported by two people on either side. He climbed on to the elevated platform, wearing a pure khadi cloth and took his usual squatting posture. Someone started the hymn: 'When I survey the wondrous cross......Love so amazing, demands my life, my all.' A scripture portion was read and Gandhiji gave a short exposition. In one way, the whole scene was a denial of what was going on outside the city and the rest of India. Stories of atrocities, violence and unimaginable cruelty were being reported every hour. Even at the peaceful prayer meeting, questions were raised. Gandhiji was not a recluse, unaware of the realities all around. His shoulders were stooping gradually, wearing the burden of the pain of his countrymen. We have seen during the Monsoon rains, trubulent streams rushing down, spreading destruction all along its way, but disappearing suddenly into some deep crevice. All is quiet in the depth of the hole. Such was the Mahatma: absorbing within him the poison of the whole nation. He reminded me then clearly of John, the beloved disciple of Jesus who, at such a turbulent time, wrote to his people: "Love, again I tell you love." That was Gandhiji's message also.

A few weeks earlier, I had seen him in Calcutta. I was then a student. Calcutta was then the centre of unimaginable violence. Dead bodies were piling up in every street corner. I saw two blind Muslim brothers, attending a Mosque, lying side by side beaten to death. Whole residential apartments were torched and the people who tried to escape were beaten down. I tried to rush to help some but it was of no use. The police and the army could not do much either. Then the news spread that Gandhiji was coming to Calcutta. He got down from the third class compartment of the train at Howrah and with his constant companion, his stick, walked on to the large maidan. His first words were: "It is better to die than to live in a world of violence"; then he declared his fast unto death. No one expected much to come out of this. A day or two went by without anything remarkable happening. The leaders vowed that they would lay down their lives before any more violence took place, but Gandhiji did not relent. He wanted to see change in the rank and file of the people.

Then the miracle happened. People began coming to Gandhiji with their guns and knives and other weapons and placing them before him, fell prostrate and begged for forgiveness. I then saw processions of Hindus and Muslims passing through the streets. In the past, no one would have escaped alive, but at this time, they embraced each other and said that they are brothers. The change was not just superficial but deep. The walk through Navakhali followed this miraculous transformation in Calcutta.

The first time I saw Gandhiji was when he visited Kerala. I was only twelve years then. There was a huge gathering. Interestingly, Gandhiji decided to speak in Hindi though a large number of people would have understood English and he was a master of that language. I did not understand much of what he said but one word struck me-vegetarianism. I went home and decided to follow him. For the next twenty years I strictly followed the principle.

The last time I saw Gandhiji was in 1948. I had left my studies in Calcutta and had gone along with a few friends, to serve the refugees in Punjab and Kurukshetra at the time of partition. This was in response to a call from Gandhiji. He had asked, where are the Christians? He added that the Christians are a minority community and so not a threat to either of the larger communities and therefore could go to both camps. Also, they have the message of reconciliation. It was not very easy to convince the Principal of our college-a very generous English man-that we had to go but we succeeded and found ourselves in the heart of the troubles in Ambala. A camp of over two hundred thousand Muslims were waiting to travel to Pakistan when cholera and small pox broke out. After the trains carrying the refugees left for Pakistan, we shifted to Kurukshetra to receive the Hindus coming from the other side.

The stories of the atrocities make one shudder even now. Those who committed the crimes had no other purpose in life than to take revenge, and kill as many innocent people as possible. Madness created by an animal instinct to kill and destroy was naturally ruling the camp. All attempts at sobriety seemed futile.

Then again, the miracle happened. On a broken radio we heard the news one evening that Gandhiji had been assassinated. The shock was great; we walked out into the camp. There was a deadly silence. We saw for the first time tears in the eyes of the people. "He had died for our sake", was the solemn testimony. We got into some transport and reached Delhi in time for the funeral march. One could not imagine a more sober city. No one had the fear they would be killed. A bit of everyone in Delhi-in fact, all over the country-had died with Gandhiji.


I went into an Ashram to sort out the confusions and went on fast and silence for several days. For the first time, I understood a bit more deeply the meaning of 'Satyagraha' and of the one great Satyagrahi who lived twenty centuries earlier. In the Bible, in the book of Isaiah, there are four short poems picturing the servant of the Lord. The first one talks of the call of the servant and his vocation, to bring truth-non violence-to the ends of the earth. The method is also mentioned: by 'bringing music out of a broken reed....light out of a smoking wick....' Weakness is the source of strength and power. The rest of the poems describe the personal discipline the servant undergoes to train himself, the sacrifice and the suffering. The last of the poems describes in detail the principle of Satyagraha. It is an innocent person who willingly accepts the consequence of the violence and eventually the rest of the world. He pays for the world's sins. And ultimately, his life is taken away from him. But the atoning power that act of offering releases, is the greatest force the world has yet seen, the force that can heal all wounds.

Gandhiji is that suffering servant. It is the power of healing he has released that alone has the answer for all the terrorism that we experience today. I salute Mahatmaji in all humility. ●

# കഥയില്ലാത്ത അല്പം ചില്ലറക്കാര്യങ്ങൾ

(തുടർച്ച)

ഡോ. കെ. വി. വർഗീസ്



റയിൽവെ പുരാണത്തിലേക്കു മടങ്ങാം. അന്നദാതാവായ പൊന്നുതമ്പുരാൻ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ അരുമപ്രജകളായി ഞങ്ങൾ ജീവിച്ചിരുന്ന കാലം. എല്ലാവരും രാജഭക്തരായിരിക്കണമെന്നായിരുന്നു പ്രമാണം. സ്കൂൾ ആരംഭിക്കുന്നതു തന്നെ 'വഞ്ചിഭൂമിപതേചിരം' എന്ന വഞ്ചീശമംഗളത്തോടുകൂടെയാണ്. സർ സി. പി. രാമസ്വാമിഅയ്യർ ദിവാൻ പദവി ഏറ്റെടുത്തപ്പോൾ ആരെക്കൊണ്ടോ എഴുതിയുണ്ടാക്കിയ ഈ ഗാനം എല്ലാ കുട്ടികളും അച്ചടക്കത്തോടെ പാടണമെന്നു നിർബന്ധമായിരുന്നു. രാജാവിന്റെ ജന്മദിനം ആർഭാടങ്ങളോടെ എല്ലാവരും ആഘോഷിക്കണമെന്നും അദ്ദേഹം നിർബന്ധം പിടിച്ചു. രാജഭക്തി പ്രകടിപ്പിക്കുന്നതിൽ ആരും എതിർപ്പു പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ അനഭിമതനായ സർ സി. പി. യുടെയും അമ്മ മഹാറാണിയുടെയും ആവശ്യമില്ലാത്ത ഇടപെടലുകൾ ജനങ്ങൾക്കു സ്വീകാര്യമല്ലായിരുന്നു. എങ്കിൽത്തന്നെ സി. പി. യെ പിന്തുണയ്ക്കുന്ന ഒരു സമൂഹവും തിരുവിതാംകൂറിൽ ഉണ്ടായിരുന്നുവെന്ന വസ്തുത മറയ്ക്കുന്നില്ല. എതിരാളികളെ മർദ്ദിച്ചൊതുക്കുന്ന നയമാണ് സർ സി. പി. പിന്തുടർന്നിരുന്നത്. പലരെയും അറസ്റ്റു ചെയ്തു തുറുങ്കിലടച്ചു. അതിനുവേണ്ടി കള്ളക്കേസുണ്ടാക്കാനും ബലം പ്രയോഗിക്കാനും അദ്ദേഹം മടിച്ചില്ല. നാഷനൽ ക്വയിലോൺ ബാങ്ക് പൊളിച്ചതും മനോരമപ്പത്രം പൂട്ടിച്ചതുമെല്ലാം ഉദാഹരണങ്ങൾ മാത്രം. സി. പി. യോടു പടപൊരുതിയവർക്ക് പലപ്പോഴും അഭയം നൽകിയത് റയിൽവെ ലൈനും റയിൽവെ ക്കെട്ടിടങ്ങളുമായിരുന്നു. അന്ന് റയിൽവെയുടെ സ്ഥലം തിരുവിതാംകൂറിന്റെ അധികാരപരിധിയിലല്ലായിരുന്നു. തിരുവിതാംകൂറിൽ സർ സി.പി.നിരോധിച്ചിരുന്ന പല പ്രസിധീകരണങ്ങളും വാങ്ങുവാൻ ജനം എത്തിയത് റയിൽവെ പ്ലാറ്റ്ഫോമിലുള്ള ബുക്ക്സ്റ്റാളുകളിലായിരുന്നു. 'ഇൻഡ്യൻ എക്സ്പ്രസ്' തിരുവിതാംകൂറിൽ നിരോധിച്ചപ്പോൾ അതു വാങ്ങി വായിക്കുവാൻ റയിൽവെ പ്ലാറ്റ്ഫോമുകളിൽ ആളുകൾ ചെന്നിരുന്നത് പഴയ തലമുറക്കാർ ഓർക്കുന്നുണ്ടാവും.

1938 ഓഗസ്റ്റിൽ നടന്ന ഒരു സംഭവം. സർ സി. പി. യുടെ ഏകാധിപത്യഭരണത്തിനെതിരായി ശബ്ദമുയർത്തുവാൻ കോൺഗ്രസ്സിന്റെ അനുഗ്രഹാശിസ്സുകളോടെ തിരുവിതാംകൂർ യൂത്ത്ലീഗ് തിരുവനന്തപുരത്തു ഒരു സമ്മേളനം നടത്താൻ പരിപാടിയിട്ടു. കോൺഗ്രസ്സിലെ ഇടതു റാഡിക്കൽ വിഭാഗമായിരുന്നു യൂത്ത്ലീഗ്. ഒരു സോഷ്യലിസ്റ്റു നേതാവായ കമലാദേവി ചതോപാദ്ധ്യയെ ആണ് മുഖ്യാതിഥിയായി ക്ഷണിച്ചിരുന്നത്. അങ്ങനെയൊരു കോൺഫ്രൻസ് തിരുവനന്തപുരത്തു നടത്തുന്നതിന്റെ രാഷ്ട്രീയ പ്രാധാന്യം ശരിക്കു മനസ്സിലാക്കിയ സർ സി. പി. അതിനെ നേരിടാൻ തന്നെ തീരുമാനിച്ചു. കോൺഫ്രൻസിനു രണ്ടു ദിവസം മുമ്പ്, കമലാദേവി രണ്ടാഴ്ചക്കാലം തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രസംഗിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള ഒരുത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചു. ഓഗസ്റ്റ് 18-നു തീവണ്ടി മാർഗം ചെങ്കോട്ടയിലെത്തിച്ചേർന്ന കമലാദേവിക്ക് കൊല്ലം പൊലീസ് സൂപ്രണ്ടും ഡിസ്ട്രിക്ട് മജിസ്ട്രേട്ടും നിരോധനാജ്ഞ നല്കി. നിരോധനം ലംഘിക്കരുതെന്ന് ഇരുവരും കമലാദേവിയോട് അഭ്യർത്ഥിച്ചെങ്കിലും അവർ അതു നിരസിച്ച് യാത്ര തുടർന്നു. ചെങ്കോട്ട അന്ന് തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു. പക്ഷേ റയിൽവെ ലൈനും സ്റ്റേഷൻ സംബന്ധമായ സ്ഥലങ്ങളും ബ്രിട്ടീഷ് ഇൻഡ്യയുടെ ഭാഗമായിരുന്നതിനാൽ കമലാദേവിയെ തടയുവാനോ അറസ്റ്റുചെയ്യുവാനോ അവർക്കു കഴിഞ്ഞില്ല. തീവണ്ടി കൊല്ലത്തെത്തിയപ്പോൾ അഭൂതപൂർവമായ ജനക്കൂട്ടം. നിരവധി തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ അവരെ ഹാരാർപ്പണം ചെയ്തു. ആളുകളുടെ തിക്കും തിരക്കും ആവേശവും കണ്ടു സി. പി. ഭക്തന്മാർ അന്ധാളിച്ചു. തീവണ്ടി തിരുവനന്തപുരം സ്റ്റേഷനിലെ

ത്തിയപ്പോൾ പ്ലാറ്റ്ഫോമിലും പര
പ്രദേശങ്ങളിലും പതിനായിരങ്ങൾ അ
നിരന്നിരുന്നു. കമലാദേവിക്ക് അന്നു
സമൊരുക്കിയിരുന്നത് റയിൽവെ സ്റ്റേ
നിലെ വിശ്രമമുറിയായിരുന്നു. അധി
കൾ പകച്ചുനിന്നുപോയി.

20-ന് യൂത്ത് ലീഗ് സമ്മേളനത്ത
പങ്കെടുക്കുവാൻ സ്റ്റേഷനു പുറത്തു
പ്പോഴാണ് കമലാദേവിയെ അറ
ചെയ്തത്. ഇതു പ്രതീക്ഷിച്ചിരുന്ന
നാൽ സമ്മേളനത്തിന്റെ നടത്തിപ്പിന്
ക്രമീകരണങ്ങളൊരുക്കിയിരുന്നു. കമ
ദേവിയെ ഒരു ദിവസം പൂജപ്പുര ജയില
പാർപ്പിച്ചശേഷം പിറ്റേന്ന് തിരുനൽവേ
യിൽ കൊണ്ടുവിടുകയാണുണ്ടായ
അവർ പ്രസംഗിച്ചില്ലെങ്കിലും മാധ്യമ
ളുടെ ശ്രദ്ധ പിടിച്ചെടുത്ത ഒരു സംഭവ
യിരുന്നു അത്. രണ്ടു മാസങ്ങൾക്ക
ശേഷം ശ്രീമതി അക്കമ്മ ചെറിയാൻ ഇ
പോലൊരു സാഹസികയാത്ര നടത്ത
ശ്രീചിത്തിര തിരുനാളിന്റെ ജന്മദിനത്തി
രാജകൊട്ടാരത്തിലേക്ക് അവർ നയി
ജാഥയുടെ ഒരു സുപ്രധാന ഘട്ടമായ
രുന്നു ഈ തീവണ്ടിയാത്ര. സ്റ്റേറ്റ് കോണ
ഗ്രസ്സിന്റെ സാരഥ്യം ഏറ്റെടുക്കുന്നവരെ
അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിക്ക
കയെന്നതായിരുന്നു സി.പി. യുടെ തന്ത്രം
തീവണ്ടിയിൽ സഞ്ചരിച്ചതുകൊണ്ട്
സംസ്ഥാന പൊലീസിനു അവരെ അറസ്റ്റു
ചെയ്യാനായില്ല. വഴിനീളെ സ്വീകരണം ഏറ്റുവാങ്ങിയാണ് അവർ തിരുവനന്തപുരത്തെത്തിയത്. റയിൽവെ സ്റ്റേഷനുകളിൽ മാത്രമല്ല റയിൽപ്പാതയുടെ ഇരുഭാഗങ്ങളിലും വരിമുറിയാതെ നിന്ന് ഹർഷാരവം മുഴക്കി ജനം യാത്രയ്ക്കു കൊഴുപ്പുകൂട്ടി. വണ്ടി തമ്പാന്നൂരെത്തിയപ്പോൾ സ്റ്റേഷനും പരിസരവും ജനസമുദ്രമായി മാറിയിരുന്നു. മഹാരാജാവിനു നിവേദനം നൽകുവാനെത്തിയ അവർ പതിനായിരക്കണക്കിന് ആളുകളുടെ അകമ്പടിയോടെ ഒരു ജാഥയായി കിഴക്കെകോട്ടയിലുള്ള കൊട്ടാരത്തിലെത്തി. ജാഥ തടയുവാൻ ആവുന്നത്ര പൊലീസു ശ്രമിച്ചിട്ടും ആളുകൾ പിന്തിരിഞ്ഞില്ല. മഹാരാജാവ് ദർശനാനുമതി നൽകിയില്ലെങ്കിലും അറസ്റ്റു ചെയ്തവരെ മോചിപ്പിക്കുവാനുള്ള ഉത്തരവ് നേടിയെടുത്തശേഷമാണ് അവർ മടങ്ങിയത്. ●

**A Bishop was once a guest in a family during a parish visit. A young boy in the house peeped into the guest room. Curiously the Bishop called him to his side and made friendship with him. Taking courage the boy asked the Bishop, "Where are you keeping your trumpet? I want to see it."**

**What?, the Bishop asked. 'Trumpet', replied the boy.**

**'Dad said, you always blow your trumpet. So you must be carrying one with you.'**

# വാർദ്ധക്യം കുതിപ്പും കിതപ്പും

(തുടർച്ച)

പ്രൊഫ. സി. മാമ്മച്ചൻ (മാർത്തോമാ കോളജ്, തിരുവല്ല)

ജീവിതസായാഹ്നത്തെ ആഹ്ലാദപ്രദമാക്കാൻ അടിസ്ഥാനപരമായി അത്യാവശ്യമുള്ള ഒരു അംശമാണ് 'സ്വയാവബോധം'. വയസ്സാകൽ പ്രക്രിയയോടുള്ള ക്രിയാത്മക മനോഭാവം കൊണ്ടു മാത്രമേ വാർദ്ധക്യത്തെ വിജയമാക്കാൻ കഴിയൂ. മനുഷ്യജീവിതത്തിലെ ദൈർഘ്യമേറിയ കാലയളവ് യൗവനദശയുമായി ബന്ധപ്പെട്ടതാണ്. അന്ന് കർമോന്മുഖത, പക്വത, ആത്മവിശ്വാസം, വിഭവലഭ്യത, സ്ഥാനമാനങ്ങൾ, അംഗീകാരം എന്നിവയുടെ ഉച്ചകോടിയിലായിരിക്കും. ഇതിനെ ജീവിതത്തിലെ വേലിയേറ്റകാലമെന്നു വിശേഷിപ്പിക്കാം. സ്വായത്തമായിരുന്ന പലതും തുടർന്നുവരുന്ന വേലിയിറക്കത്തിൽ കൈവിട്ടുപോകാനിടയുണ്ട്. സൗന്ദര്യം, സമ്പത്ത്, ശക്തി, അംഗീകാരം, പദവികൾ എന്നിവ നഷ്ടമാകുമ്പോൾ ചിലരിൽ നൈരാശ്യവും മറ്റു ചിലരിൽ എല്ലാറ്റിനോടുമുള്ള വാശിയും വെറുപ്പും പ്രകടമാകാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാനുള്ള കരുത്താണ് വയോജനങ്ങളുടെ ജീവിതവിജയത്തിനടിസ്ഥാനം.

കർമോത്സുകതയുടെയും കഴിവുകളുടെയും കത്തിക്കയറലിനെത്തുടർന്ന് ഒരു അമരൽ സ്വാഭാവികമാണെന്ന തിരിച്ചറിവും, അതിനെ നേരിടാനുള്ള മനസ്സൊരുക്കവുമാണ് സ്വയാവബോധത്തിന്റെ കാതൽ. ഇതിലൂടെ വയസ്സാകൽ പ്രക്രിയയെ സാവധാനത്തിലാക്കുന്നതിനുള്ള മനഃസാന്നിധ്യം/ആത്മവിശ്വാസം നേടിയെടുക്കാൻ കഴിയും. ഈ 'കൗണ്ട് ഡൗണി'നെ മുൻകൂർ അംഗീകരിച്ച് വഴങ്ങിക്കൊടുക്കാനും ആത്മവിശ്വാസം നഷ്ടപ്പെടുത്താനും അശക്തതയ്ക്കു അടിമയാകാനും ഇടയാകരുത്. 'എല്ലാം നഷ്ടപ്പെട്ടു' എന്ന ബോധം ജീവിതത്തെ ഗുണപരമായി സ്വാധീനിക്കുന്നതിന് ഉപകരിക്കില്ല. നഷ്ടപ്പെടാനുള്ള സാധ്യതയുണ്ടെന്നും എന്നാൽ ഇപ്പോഴത് സംഭവിച്ചിട്ടില്ലെന്നുമുള്ള തന്റേടത്തിൽ പ്രവർത്തിക്കാൻ കഴിയണം. അത്തരം ഒരു ധാരണയോടെ കർമരംഗങ്ങളിൽ വ്യാപരിക്കാനിടവരുമ്പോൾ പരാജയങ്ങളെ സന്തോഷത്തോടെ ഉൾക്കൊള്ളാനിടയാകും.

സ്വയാവബോധം അതിർ കടന്നതോ അയാർത്ഥമോ ആകരുത്. പല പ്രാവശ്യം പരാജയപ്പെട്ടൊരു വിഷയത്തെ ആത്മവിശ്വാസം കൊണ്ട് പിന്നെയും നേരിടാൻ ശ്രമിക്കരുത്. അത്തരം ശ്രമങ്ങൾ യൗവനത്തിൽ ഫലപ്രദമാകാൻ സാധ്യതയുണ്ട്. പഞ്ചേന്ദ്രിയങ്ങളുടെ കാര്യക്ഷമത കുറയുന്നതും മനസ്സിനൊപ്പം ശരീരം സഞ്ചരിക്കാൻ കൂട്ടാക്കാത്തതും വാർദ്ധക്യത്തിലെ പരാജയത്തിനു കാരണമാകാം. സംവേദനക്ഷമതയും ചലനസാധ്യതയും കുറയുന്നതിനനുസരിച്ച് ആഗ്രഹങ്ങൾ സഫലമാകാതെ പോകാം. യൗവനത്തിലുള്ള സാധ്യതാനിലവാരം വാർദ്ധക്യത്തിലില്ല എന്ന തിരിച്ചറിവ് പരമപ്രധാനമാണ്. കാറോടിക്കുന്നതിൽ പല പ്രാവശ്യം പിഴവു സംഭവിച്ച ഒരു എൺപതുകാരൻ കഴിഞ്ഞ അമ്പതു വർഷമായി ഞാനിതു ചെയ്തു കൊണ്ടിരിക്കയാണെന്ന വാശിയിൽ പിന്നെയും അതിന് ശ്രമിക്കരുത്. മരംകയറുന്നതിൽ ഞാനൊരു വിദഗ്ദ്ധനാണെന്ന മട്ടിൽ എഴുപതാം വയസ്സിലും ആ ജോലി ചെയ്യണമെന്ന് വാശി പിടിക്കാൻ പാടില്ല. പ്രത്യേകിച്ചും അപകടസാധ്യതയുള്ള രംഗങ്ങളിൽ നിന്നു ലഭിക്കുന്ന 'സിഗ്നലുകൾ' കാര്യമായി പരിഗണിക്കണം.

**വായനയും പഠനവും**

സ്വയാവബോധം നേടുന്നതിനും ഇച്ഛാശക്തി നിലനിർത്തുന്നതിനുമുള്ള ഏറ്റവും പ്രധാനവഴി വായനയും പഠനവുമാണ്. കാലം, ദേശം എന്നിവയുടെ വർത്തമാനകാല അവസ്ഥകൾ നിരന്തരം അറിഞ്ഞുകൊണ്ടേയിരിക്കുന്ന ഒരാളിൽ അന്യഥാബോധം വളരാനിടയില്ല. കാലത്തിനും ദേശത്തിനുമൊപ്പമാണ് താനെന്ന അറിവ് ഒരാളെ പ്രസക്തനാക്കുന്നു. കാഴ്ച, കേഴ്വി എന്നിവ കുറയുന്നതിനാൽ അറിവ് ക്ലേശകരമായ അനുഭവത്തിലൂടെ നേടേണ്ട അവസ്ഥ സംജാതമാകുന്നു. അതുകൊണ്ടുതന്നെ പുത്തൻ അറിവുകളെ തേടുന്നതിനും സ്വീകരിക്കുന്നതിനുമുള്ള വിമുഖത വയോജനങ്ങളിൽ ശക്തമാണ്. ഈ ആലസ്യത്തെ അതിജീവിച്ച് 'കാലോചിതൻ' ആകാനുള്ള തയ്യാറെടുപ്പ് വൃദ്ധജനങ്ങളിൽ ശക്തിപ്പെടേണ്ടതാണ്. വായനയും കേഴ്വിയും ഇക്കാര്യത്തിൽ ഒരു പ്രധാന ഉപാധിയായി സ്വീകരിക്കാവുന്നതാണ്. പത്രങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും ടെലിവിഷനിലെ വാർത്തകളും വിശകലനങ്ങളും വയോജനങ്ങളെ ഇതിനു പ്രാപ്തരാക്കും. കലാപ്രവർത്തനങ്ങളും വായനയും പഠനവും ഇഷ്ടപ്പെടുന്നവർക്കു വാർദ്ധക്യത്തിന്റെ മടുപ്പും വിരസതയും മറികടക്കാൻ നിഷ്പ്രയാസം കഴിയും.

**സർഗാത്മകതയുടെ പോഷണം**

അറുപത്തഞ്ചു വയസ്സു കഴിഞ്ഞൊരു വീട്ടമ്മ തന്റെ ഭർത്താവു മരിച്ചുകഴിഞ്ഞപ്പോൾ അതുവരെ അവഗണിച്ചിട്ടിരുന്ന ചിത്രരചനയിലുള്ള വാസന മെച്ചപ്പെടുത്തി പത്തു വർഷങ്ങൾക്കിടയിൽ അഞ്ഞൂറോളം ചിത്രങ്ങൾ വരച്ചു പ്രസിദ്ധയായിത്തീർന്ന സംഭവം ഇയ്യിടെ വായിക്കാനിടയായി, ജന്മസിദ്ധമായ പല കഴിവുകളും യൗവനത്തിന്റെ തിരക്കിൽപ്പെട്ട് ഞെരിഞ്ഞമർന്നുകിടപ്പുണ്ടായിരിക്കാം. അവയെ പൊടി തട്ടി പുറത്തെടുക്കാനുള്ള അവസരമാണിത്. ഒരു പക്ഷേ ഗുണനിലവാരത്തിൽ അത് മികച്ചതാകുമോ എന്ന ഭയവും വാർദ്ധക്യകാലത്തുണ്ടാകാം. എന്നാൽ ആത്മവിശ്വാസത്തോടെ സർഗാത്മകതയുടെ തീരങ്ങളിലെങ്കിലും കുറെ സമയം ചുറ്റിക്കറങ്ങാൻ കഴിയുമെങ്കിൽ വാർദ്ധക്യത്തിന്റെ മുഷിപ്പും മടുപ്പും കുറയും. കോട്ടൺ സാരികൾ വാങ്ങി പൂക്കൾ തുന്നിപ്പിടിപ്പിച്ചു വിറ്റ് അതിൽ നിന്നു കിട്ടുന്ന പണം കൊണ്ട് രണ്ട് അനാഥക്കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന ഒരു വൃദ്ധമാതാവിനെ കാണാനിടയായി. അവരനുഭവിക്കുന്ന തൃപ്തി പറഞ്ഞറിയിക്കാനാവില്ല. അധ്യാപികയായിരുന്ന അവർ കൈത്തുന്നൽ എന്നോ മറന്നു വച്ചതായിരുന്നു. ഓരോ പൂവും സാരിയിൽ പൂർണമാകുമ്പോഴും സാരി വിറ്റുകിട്ടുന്നതുകൊണ്ട് ചില ജീവിതങ്ങൾ 'കൺതെളിയുന്നു' എന്നോർക്കുമ്പോഴും അവർക്ക് സംതൃപ്തിയുടെ രോമാഞ്ചമാണ്. അതിലധികമായി എഴുപതിന്റെ പരിഭവത്തിലും വയ്യായ്കയിലും നിന്നു രക്ഷപ്പെട്ടു ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്താൻ ഈ വഴി അവരെ സഹായിക്കുന്നു. നിരന്തരമുള്ള ഉറക്കത്തിൽ നിന്നും ആലസ്യത്തിൽ നിന്നും വയോജനങ്ങളെ രക്ഷിക്കുന്നതിനുള്ള പ്രധാന വഴികളിലൊന്നാണിത്. കലാസാഹിത്യരംഗങ്ങളിലുള്ള അല്പമായ കഴിവുകളും ആസ്വാദനശേഷിയും ഈ കാലയളവിൽ വളരെ സഹായകമാകും. ഉറക്കവും വിശ്രമവും അമിതഭക്ഷണവുമാണ് വാർദ്ധക്യത്തെ രോഗാതുരമാക്കുന്നത്. അതിനെ മറികടക്കാനുള്ള ഏതു വഴിയും അർത്ഥവത്തായി പ്രയോജനപ്പെടുത്താവുന്നതാണ്. ●

# മതപരിവർത്തന നിരോധനനിയമം

ഡോ. തോമസ് മാർ അത്താനാസ്യോസ്

തമിഴ്നാട്ടിൽ നിർബന്ധിത മതപരിവർത്തനത്തെ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമം പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. അതിൻപ്രകാരം നിർബന്ധം, പ്രലോഭനം, വഞ്ചന എന്നിവ വഴിയുള്ള മതപരിവർത്തനം കുറ്റകരമാണ്. വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് മൂന്നു വർഷത്തെ തടവും 50,000 രൂപ പിഴയുമുണ്ടാകാം. മതംമാറ്റത്തിന് വിധേയരാകുന്നവർ 18 വയസ്സിൽ താഴെയുള്ളവരോ, സ്ത്രീകളോ, പട്ടികജാതി-പട്ടികവർഗക്കാരോ ആയിരുന്നാൽ പ്രേരകർക്കുള്ള ശിക്ഷ നാലു വർഷത്തെ ജയിൽവാസവും ഒരു ലക്ഷം രൂപ പിഴയുമായിരിക്കും. മതപരിവർത്തനശ്രമങ്ങൾ നിയന്ത്രിച്ച് ദുർബലവിഭാഗങ്ങളെ സംരക്ഷിക്കുന്ന സദുദ്ദേശ്യപ്രേരിതമായ നിയമമാണിതെന്ന് വ്യാഖ്യാനം.

മുഖ്യമന്ത്രി ജയലളിത ലക്ഷ്യം വയ്ക്കുന്നത് നിർബന്ധിത മതപരിവർത്തനം മാത്രമല്ല; മതപരിവർത്തനസ്വാതന്ത്ര്യം തന്നെ അവസാനിപ്പിക്കാനാണ്. അവരുടെ പ്രസ്താവന ശ്രദ്ധിക്കുക, 'Religious conversions are often funded by dubious and anti-national sources from foreign countries to destabilize our social structure'. ഇവിടെ മതപരിവർത്തനത്തെ മൊത്തമായാണ് വിമർശന വിധേയമാക്കുന്നത്; അവർ തുടരുന്നു, 'conversions create resentment among several sections and also inflame religious passions leading to communal clashes'. മതപരിവർത്തനം സാമൂഹ്യ സംഘർഷം സൃഷ്ടിക്കുന്നതിനാൽ അംഗീകരിക്കാനാവില്ല എന്ന വ്യക്തവും ശക്തവുമായ നിലാപാടാണ് ഇവിടെ പ്രകടമാകുന്നത്. മതത്തിൽ വിശ്വസിക്കണമോ വേണ്ടയോ, വിശ്വസിക്കുന്നുവെങ്കിൽ ഏതു മതത്തിലാണ് വിശ്വസിക്കേണ്ടത്, ഇവയെല്ലാം മനുഷ്യന്റെ മൗലികവ്യക്തിസ്വാതന്ത്ര്യത്തിൽപ്പെടുന്ന കാര്യങ്ങളാണ്. ആ സ്വാതന്ത്ര്യത്തിന്മേലാണ് സർക്കാർ കൈവച്ചിരിക്കുന്നത്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച മൗലികാവകാശപ്പട്ടികയിലെ ഈ വകുപ്പിനെ നിഷേധിക്കുന്ന മനുഷ്യാവകാശ ലംഘനമായാണ് അതിനെ വിലയിരുത്തേണ്ടത്. ഈ വിമർശനമുണ്ടാകേണ്ടത് രാജ്യത്തെ സെക്കുലർ ജനവിഭാഗങ്ങളിൽ നിന്നും, രാഷ്ട്രീയകക്ഷികളിൽ നിന്നും പ്രത്യേകിച്ച്, പ്രബുദ്ധരായ ഹൈന്ദവസഹോദരങ്ങളിൽ നിന്നുമാണ്. മതം തെരഞ്ഞെടുക്കുന്നതിന് ഐക്യരാഷ്ട്രസംഘടനയും ഇൻഡ്യൻ ഭരണഘടനയും അനുവദിക്കുന്ന സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോൾ ജനാധിപത്യ വിശ്വാസികൾക്ക് പ്രതികരിക്കാനുള്ള ബാദ്ധ്യതയുണ്ട്.

മതകാര്യങ്ങളിലുള്ള തീരുമാനസ്വാതന്ത്ര്യം ഇൻഡ്യൻ ഭരണഘടന പൗരനു നൽകുന്ന അവകാശമാണ്. ആർട്ടിക്കിൾ 25 പ്രകാരം പൗരന് ലഭ്യമായിരിക്കുന്ന അവകാശം തിരിച്ചെടുക്കാൻ കഴിയാത്തതിന്റെ പേരിൽ നിർബന്ധം, പ്രലോഭനം, വഞ്ചന എന്നിവ വഴിയുള്ള മതപരിവർത്തനം കുറ്റകരമാക്കുവാൻ ശ്രമിക്കുന്നു. ഏതു മതപരിവർത്തനത്തിനും പിന്നിൽ ഈ ആരോപണങ്ങൾ ഉന്നയിക്കാനാവും. അങ്ങനെ മതപരിവർത്തനം ചെയ്യിക്കുന്ന വ്യക്തിയിൽ ഭയം ജനിപ്പിച്ച്, മതപരിവർത്തനം തടയുക എന്നതാണ് ഇതിലെ തന്ത്രം. ഈ നിയമത്തിന്റെ ഉള്ളടക്കവും മുഖ്യമന്ത്രി ജയലളിതയുടെ പ്രസ്താവനയും ചേർത്തു വായിച്ചാൽ, മതപരിവർത്തനം നടക്കുന്ന എവിടെയും സർക്കാരിന് ഇടപെടാനും ഭീഷണി ഉയർത്താനും സ്വാതന്ത്ര്യം നൽകുന്ന സാധ്യതയാണ് തെളിയുന്നത്.

എല്ലാ മതവിശ്വാസികൾക്കും ഈ നിയമം സംബന്ധിച്ച് പ്രതികരണം സാധിക്കേണ്ടതാണ്. മതം അടിസ്ഥാനപരമായി മനുഷ്യന് ആദ്ധ്യാത്മികതയിലൂടെയും രക്ഷയും, സ്വാതന്ത്ര്യവും, ജീവിതത്തിന് അർത്ഥവും നൽകുന്ന പ്രസ്ഥാനമാണ്. മനുഷ്യരെ നന്മയിലേക്ക് നയിക്കാൻ സഹായിക്കുന്ന പ്രസ്ഥാനങ്ങൾ തമ്മിൽ സംഘർഷത്തിനു സ്ഥാനമില്ല. ഓരോ വ്യക്തിക്കും തന്റെ ജീവിതസാഹചര്യത്തിൽ വിശ്വാസ്യതയും, വിമോചനവും, സമാധാനവും, സംതൃപ്തിയും, ആത്മരക്ഷയും നൽകുന്ന മതം തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഓരോ മതവും അനുവദിക്കേണ്ടതാണ്. ഈ സ്വാതന്ത്ര്യം മനുഷ്യർ ഉപയോഗപ്പെടുത്തുമ്പോൾ മതനേതാക്കൾ അസ്വസ്ഥരാകേണ്ട കാര്യമില്ല. സംഘർഷം സൃഷ്ടിക്കാനാണ് ഭാവമെങ്കിൽ താത്പര്യം വ്യക്തം. മനുഷ്യന്റെ നന്മയും രക്ഷയുമല്ല സ്ഥാപിത-വർഗീയ താത്പര്യങ്ങളുടെ സംരക്ഷണത്തിനാണ് അവർ നിലകൊള്ളുന്നത്. വർഗീയതയും മതപ്രസ്ഥാനങ്ങളും ഒരിക്കലും പൊരുത്തപ്പെടാൻ സാധിക്കാത്ത ഘടകങ്ങളാണ്. മതങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും വർഗീയത സ്ഥാപിത താത്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയും നിലകൊള്ളുന്നു. മതത്തിന് വിമോചനഭാവവും വർഗീയതയ്ക്ക് അടിമത്തഭാവവുമാണുള്ളത്.

ഒരു മതം നൽകുന്ന വിമോചന-രക്ഷാനുഭവങ്ങൾ ലബ്ധമാകുന്നത് ആ മതത്തിൽ ചേരുകവഴിയാണ്. താൻ കണ്ടെത്തിയ സത്യത്തിൽ നിലനിൽക്കാൻ മതംമാറ്റം ആവശ്യമെങ്കിൽ അതുചെയ്യുന്നത് സത്യസന്ധതയുടെയും ധീരതയുടെയും കാര്യമാണ്. വർഗീയവാദികൾക്കിഷ്ടമല്ല എന്ന കാരണം കൊണ്ട് ഭരണഘടന നൽകുന്ന മൗലിക സ്വാതന്ത്ര്യം നിഷേധിക്കാൻ സർക്കാരിന് എങ്ങനെ സാധിക്കും? അതുകൊണ്ട് സർക്കാരിനും മനുഷ്യനന്മ അഭിലഷിക്കുന്ന ഒരു മതത്തിനും മതപരിവർത്തനത്തെ എതിർക്കാനാവില്ല.

ഇത് സ്വതന്ത്രവിപണിയുടെ കാലഘട്ടമാണ്. ഓരോ സാധനവും മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നത് പ്രചാരണം വഴിയാണ്. മതങ്ങൾ തങ്ങളുടെ സവിശേഷതകൾ പ്രചരിപ്പിക്കട്ടെ. മനുഷ്യർ അവയെ വിലയിരുത്തട്ടെ. സർക്കാരും കക്ഷിരാഷ്ട്രീയക്കാരും അതിൽ എന്തിന് ഇടപെടുന്നു? സർക്കാർ ഇടപെടുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട ആഗോളവത്കരണ-കമ്പോളവത്കരണ രംഗങ്ങളിൽ നിന്ന് തന്ത്രപൂർവം ഒഴിഞ്ഞുമാറുകയും മതസ്വാതന്ത്ര്യത്തിൽ ആവശ്യമില്ലാതെ നിയന്ത്രണത്തിനു ശ്രമിക്കുകയുമാണ് ചെയ്യുന്നത്.

എന്നാൽ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം പ്രതികരിക്കേണ്ടതാണ്. ജയലളിതയെ സംബന്ധിച്ചിടത്തോളം ഇതൊരു മതകാര്യമല്ല, രാഷ്ട്രീയതന്ത്രമാണ്. ഈ നിയമം വഴി ന്യൂനപക്ഷങ്ങൾ സംഘടിക്കുകയും അതിനെ എതിർക്കുകയും ചെയ്യുമെന്ന് അവർ കണക്കുകൂട്ടുന്നു. ഇത് സാവകാശം ന്യൂനപക്ഷ-ഭൂരിപക്ഷമതസംഘട്ടനത്തിന് വഴിയൊരുക്കും. അതോടെ ഹിന്ദു ഭൂരിപക്ഷത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നു എന്ന പേര് സൃഷ്ടിച്ച ജയലളിത സർക്കാരിന്റെ പിമ്പിൽ ഹിന്ദുക്കൾ അണിനിരക്കുകുയം തന്റെ രാഷ്ട്രീയനില ഉറപ്പാക്കുകയും ചെയ്യും. ബി.ജെ.പി.യുടെ നിലപാട് സ്വയം ഏറ്റെടുക്കുന്നതുവഴി അതിന്റെ വളർച്ച തടയാനും സാധിക്കും. ഈ രാഷ്ട്രീയ കരുനീക്കത്തിനെതിരെ ജാഗ്രത പാലിക്കേണ്ടതും പ്രതികരിക്കേണ്ടതും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തന്നെയാണ്.

ക്രിസ്ത്യാനികൾ ഈ വിഷയത്തിൽ തികഞ്ഞ സംയമനം പാലിക്കണം. മതപരിവർത്തനം ചെയ്യിക്കുക യെന്നത് ക്രിസ്ത്യാനിയുടെ ആവശ്യമല്ല, മതപരിവർത്തനം ആഗ്രഹിക്കുന്നവരുടെ ആവശ്യമാണ്. അതുകൊണ്ട് അങ്ങനെയുള്ളവരാണ് ഇതിനെ എതിർക്കേണ്ടത്. സെക്കുലർ ശക്തികൾ അവരെ പിൻതു

(ശേഷം പേജ് 14)



# HE TOOK MY LICKING

There was a school with a class of students no teacher had been able to handle. Two or three teachers had been run off from this school in one year by the unruly students. A young man, just out of college, heard about the class and he applied to the school. The principal asked the young man, "Do you not know what you are asking for? No one has been able to handle these students. You are just asking for a terrible beating."

After a few moments of silent prayer, the young man looked at the principal and said, "Sir, with your consent I accept the challenge. Just give me a trial basis." The next morning the young man stood before the class. He said to the class, "Young people, I came here today to conduct school. But I realize I can't do it by myself. I must have your help." One big boy, they called Big Tom, in the back of the room whispered to his buddies, "I'll not need any help. I can lick that little bird all by myself."

The young teacher told the class that if they were to have school, there will have to be some rules to go by. But he also added that he will allow the students to make up the rules, that he would list them on the blackboard. This was certainly different, the students thought! One young man suggested "NO STEALING." Another one shouted "BE ON TIME FOR CLASS." Pretty soon they had 10 rules listed on the board. The teacher had then asked the class what the punishment should be for breaking these rules. "Rules are no good unless they are enforced," he said. Someone in the class suggested that if the rules were broken, they should receive 10 licks with a rod across their back with their coat off. The teacher thought that was pretty harsh, so he asked the class if they would stand by this punishment. The class agreed.

Everything went pretty good for two or three days. Then Big Tom came in one day very upset. He declared that someone had stolen his lunch. After talking with the students, they came to the conclusion that little Timmy had stolen Big Tom's lunch. The teacher called little Timmy up to the front of the room. Little Timmy admitted he had taken Big Tom's lunch. So the teacher asked him, "Do you know the punishment? Little Timmy nodded that he did. "You must remove your coat, them", the teacher instructed. The little fellow had come with a great big coat on.

Little Timmy said to the teacher, "I am guilty and I am willing to take my punishment, but please don't make me take off my coat." The teacher reminded him of the rules and punishments and again told him he must remove his coat and take his punishment like a man. The little fellow started to unbutton that old coat. As he did so, the teacher saw he did not have a shirt on under the coat. And even worse, he saw a frail and bony frame hidden beneath that coat. The teacher asked little Timmy why he had come to school without a shirt on.

Little Timmy replied, :My daddy's dead and my mother is very poor. I don't have but one shirt, and my mother is washing it today. I wore big brother's coat so' to keep warm." That young teacher stood and looked at the frail back the ribs sticking out, the spine protruding against the skin. He wondered how he could lay a rod on that little back and without even a shirt on. Still, he knew he must enforce the punishment or else, the children would not obey the rules. So he drew back to strike little Timmy. Just then Big Tom stood up and came down the aisle. He asked, "Is there anything that says I can't take little Timmy's whipping for him?"

The teacher thought about it and agreed. With the Big Tom ripped his coat off and stooped and stood over little Timmy at the desk. Hesitatingly the teacher began to lay the rod on that big back. But for some strange reason, after only five licks that old rod just broke in half. The young teacher buried his face in his hands and began to sob.

He heard a commotion and looked up to find not even one dry eye in the room. Little Timmy had turned and grabbed Big Tom around the neck, apologizing to him for stealing his lunch, begging his forgiveness. He told Big Tom that he would love him till the day he died for taking his whipping for him.

***(Author Unknown)***

**Some Japanese and American executives were discussing the state of the world economy, and one American asked what the Japanese regarded as the most important language for world trade. The American assumed that the answer would be English, but one member of the Japanese team smiled and replied, "My customer's language."**

കേരളത്തിലെ ആദ്യത്തെ
സൂപ്പർ സ്പെഷ്യാലിറ്റി
പ്രകൃതിചികിത്സാകേന്ദ്രം
പമ്പാനദീതീരത്ത്
■
ആശ്വാസം
എ.എം.എം.പ്രകൃതിചികിത്സാകേന്ദ്രം
മാരാമൺ - 689 548
പത്തനംതിട്ട ജില്ല
ഫോൺ: 0473-660531

**SHORT STORY**

# മാഗിയും കുറിഞ്ഞിയും

ഫാദർജി

**ദൈ**വത്തിന്റെ ഭൂമിയിലെ അരമന. അവിടുത്തെ കാവൽ നായയാണ് മാഗി. മാഗിക്ക് ഒരേയൊരു സങ്കടമേ ഉള്ളൂ. "കുറിഞ്ഞിപ്പൂച്ചയ്ക്ക് വീട്ടിൽ എവിടെയും കയറാം. അവൾക്ക് എന്തു സുഖമാണ്. ഞാനും അവളും ഈ വീട്ടിലെ അംഗങ്ങൾ തന്നെയല്ലേ? പക്ഷേ, കുറിഞ്ഞി അകത്തും ഞാൻ പുറത്തും."

ഒരുനാൾ വൈകുന്നേരം മാഗി വാതിൽപ്പടിയിൽ കിടക്കുകയായിരുന്നു. പെട്ടെന്ന് ഒരു ഇടിവെട്ടി. മാഗി മാനത്തേക്കു നോക്കി. മാനംനിറയെ ഇരുണ്ട മേഘം. മഴ ഇപ്പോൾ പെയ്യും. പൂമുഖത്തെ ഘടികാരത്തിൽ മണി അഞ്ചടിച്ചു. ദൈവം ഇനിയും എത്തിയിട്ടില്ല. മാഗിക്ക് സങ്കടംതോന്നി.

മാഗി അകത്തേക്കു നോക്കി. കുറിഞ്ഞിപ്പൂച്ച അതാ ദൈവത്തിന്റെ കട്ടിലിൽ കിടന്ന് സുഖമായി ഉറങ്ങുന്നു. മാഗിക്ക് അതു സഹിച്ചില്ല. അവളൊന്നു കുരച്ചു. കുറിഞ്ഞി ഉണർന്നു. ഗൗരവത്തിൽ മാഗിയെ നോക്കി മുരണ്ടു. മാഗിക്കു വാശിയേറി. അവൾ കുരച്ചുകൊണ്ട് അകത്തേക്കു ചാടിക്കയറി. ശബ്ദംകേട്ട് വീട്ടിനകത്തും പുറത്തും ഓടിക്കൂടിയവർ തൽപ്പരകക്ഷികളുടെ പക്ഷം ചേർന്നപ്പോൾ കക്ഷിവഴക്കായി.

വീടിൻ ഭരണത്തിനുള്ള വ്യവസ്ഥാപിത കുത്തകാവകാശവും വിമതരെ പല്ലും നഖവും കൊണ്ട് എതിർക്കുവാനുള്ള കരുത്തും മാർജ്ജാരപക്ഷം 'എക്സ്പ്രസ്സ്' ചെയ്തപ്പോൾ, യജമാനത്തത്തോടുള്ള അടിയുറച്ച 'നിതാന്ത വന്ദ്യ ദിവ്യ' കൂറും സുസ്ഥിര പാരമ്പര്യവും 'പോയിന്റൗട്ട്' ചെയ്ത ശുനകപക്ഷം തുറന്നടിച്ചു. അങ്ങനെ അരമനയിലാകെ അനാർക്കിയായി.

അപ്പോഴേക്കും ദൈവം ഓടിയെത്തി. അവൻ മാഗിയെ പിടിച്ചു. പിന്നീട് അവളെ മെല്ലെ തലോടിക്കൊണ്ടു പറഞ്ഞു. "വഴക്കിടേണ്ട മാഗീ. നിങ്ങൾ രണ്ടും എന്റെ കൂട്ടുകാരല്ലേ? കുറിഞ്ഞി വീട്ടിനുള്ളിലെ കാര്യം നോക്കുന്നു. നീ വീടു കാക്കുന്നു. രണ്ടു പേരും എനിക്കൊരുപോലെയാണ്." ●

---

## മതപരിവർത്തന നിരോധനനിയമം

*(പേജ് 12 തുടർച്ച)*

ണയ്ക്കട്ടെ. ക്രിസ്ത്യാനികൾ ഈ നിയമത്തിനെതിരെ രംഗത്തിറങ്ങിയാൽ അവർ നിർബന്ധിത മതപരിവർത്തനത്തിനനുകൂലികളാണെന്ന് മുദ്ര അടിക്കപ്പെടും. അത് മതസംഘർഷത്തിന് ഇടവരുത്തും. ആത്യന്തികമായി വർഗീയശക്തികളുടെ ഒത്തുചേരലിനും ശക്തീകരണത്തിനും സഹായമാവുകയും ചെയ്യും.

***ഇന്ന് മുഖ്യധാരാസഭകളൊന്നും മതപരിവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. നിർബന്ധിത മതംമാറ്റം ഒരിടത്തും നടക്കുന്നുമില്ല. ഇന്നത്തെ സാഹചര്യത്തിൽ അത് സാധ്യവുമല്ല.*** പണ്ട് രാജഭരണകാലത്ത് കുറെയൊക്കെ നടന്നിരിക്കും. ജനാധിപത്യകാലഘട്ടത്തിൽ ഇത് നടപ്പുള്ള കാര്യമല്ലെന്ന് എല്ലാവർക്കുമറിയാം. മതപരിവർത്തനത്തിലൂടെ കൈവരാവുന്ന സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ നേട്ടങ്ങൾ മുമ്പിൽ കണ്ടുകൊണ്ട് പിന്നോക്ക വിഭാഗക്കാർ നേരിയതോതിൽ മതപരിവർത്തനത്തിന് തയാറായേക്കാം. ഇതും ക്രൈസ്തവ സഭ പ്രോത്സാഹിപ്പിക്കുന്നില്ല. മതപരിവർത്തനം സംബന്ധിച്ച വത്തിക്കാൻ രേഖ കാണുക. 'In spreading religious faith everyone ought, at all times, to refrain from any manner of action which might seem to carry a tint of coercion or any kind of persuasion'. സഭകളെല്ലാം ഇക്കാര്യം ഉറക്കെ പ്രഖ്യാപിക്കാൻ തയാറാവുകയാണു വേണ്ടത്. നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ, വഞ്ചിച്ചോ മതപരിവർത്തനം നടത്തുന്നതിന് തങ്ങൾ എതിരാണെന്ന് അവർ വിളംബരം ചെയ്യണം. ഇതോടെ ഈ വിഷയത്തിൽ സഭയ്ക്കെതിരെ പ്രയോഗിക്കുന്ന ആയുധത്തിന്റെ മുനയൊടിക്കും.

ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. എന്തുകൊണ്ടാണ് ജനങ്ങൾ മതപരിവർത്തനത്തിന് തയാറാകുന്നത്? തീർച്ചയായും വിശ്വാസകാര്യങ്ങൾ ഒരു ഘടകമാണ്. എന്നാൽ സ്വന്തം മതത്തിലെ മനുഷ്യത്വനിഷേധാത്മക സാഹചര്യങ്ങളാണ് മുഖ്യകാരണം. അമേരിക്കയിൽ അടിമക്കച്ചവടത്തോട് സഹകരിക്കുകയും വർണവിവേചനത്തെ പിന്താങ്ങുകയും ചെയ്ത വെള്ളക്കാരോടുള്ള എതിർപ്പുകൊണ്ടാണ് രണ്ടു ദശലക്ഷത്തിലേറെ കറുത്ത വർഗക്കാർ ക്രിസ്തുമതം വിട്ട് ഇസ്ലാംമതത്തിൽ ചേർന്നത്. അതിനവരെ കുറ്റം വിധിക്കാനാകുമോ? ഹിന്ദുസമുദായം വിട്ടാൽ മാത്രമേ ദളിത് വിഭാഗങ്ങൾ രക്ഷപ്പെടുകയുള്ളൂ എന്ന ഡോ. അംബദ്ക്കറുടെ നിലപാടിന്റെ അർത്ഥം ഗ്രഹിച്ച എത്ര ലക്ഷം ജനങ്ങളാണ് അദ്ദേഹത്തോടൊപ്പം ബുദ്ധമതത്തെ ആശ്ലേഷിച്ചത്! ഹിന്ദുമതത്തിൽ നിന്നുള്ള പരിവർത്തനം തടയണമെങ്കിൽ ശിക്ഷാനിയമങ്ങൾ കർശനമാക്കുകയല്ല ഹിന്ദുസമുദായത്തിലെ ജാതിവ്യവസ്ഥകളും ഉച്ചനീചത്വങ്ങളും ഇല്ലാതാക്കി അതിലെ പിന്നോക്കക്കാരേയും മനുഷ്യരായി അംഗീകരിക്കുകയാണാവശ്യം. നീതിയും തുല്യതയും നടപ്പിലാക്കാൻ തയാറാകാത്ത മതപ്രസ്ഥാനങ്ങളിൽ നിന്ന് മനുഷ്യൻ സ്വാതന്ത്ര്യം തേടി പുറത്തുപോകുമ്പോൾ അതു തടയാനാവില്ല. ഇന്നും തമിഴ്നാട്ടിൽ ചില ഭോജനശാലകളിൽ ചിരട്ടയിലാണ് ദളിതർക്ക് കുടിക്കാൻ വെള്ളം കൊടുക്കുക. ചിലയിടത്ത് ഭക്ഷണം കിട്ടുകയുമില്ല. പൊതുക്കിണറുകളിൽ നിന്ന് വെള്ളംകോരാൻ ദളിതരെ അനുവദിക്കില്ല. പശുവിനെ കൊന്നതിന്റെ പേരിൽ അഞ്ചു ദളിതരെ കൂട്ടക്കൊല ചെയ്ത സംഭവം നമുക്കറിയാം. ദളിതരെ മൃഗത്തെക്കാൾ വില കുറച്ചുകാണുന്ന സമുദായത്തിൽ നിന്നുള്ള മതപരിവർത്തനം തുടയാൻ നിയമങ്ങൾ ഫലപ്രദമാകുമോ? അതിനുവേണ്ടത് തുല്യതയും, മനുഷ്യത്വവും, സ്വാതന്ത്ര്യവും മതത്തിനുള്ളിൽ ഏവർക്കും ഉറപ്പാക്കുകയാണ്. നീതിരഹിതമായ സാമൂഹ്യഘടന അതേപടി നിലനിർത്തണമെന്ന് അഭിലഷിക്കുന്ന ജയലളിതയുടെ പദ്ധതിയുമായി മുമ്പോട്ടുപോയാൽ ഹിന്ദുസമൂഹത്തിൽ നീതിക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തി പ്രാപിക്കുകയേ ഉള്ളൂ. ഇത് നിയന്ത്രണാതീതമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

സഭയെ സംബന്ധിച്ച് മതപരിവർത്തനം അതിന്റെ താത്പര്യമല്ല. ദൈവരാജ്യമൂല്യങ്ങളിൽ അടിസ്ഥാനപ്പെട്ട സമൂഹത്തിന്റെ സൃഷ്ടിയാണ് പ്രധാനം. അതിന് സ്വാതന്ത്ര്യത്തിന്റെയും നീതിബോധത്തിന്റെയും വിത്തുകൾ അടിമസമൂഹത്തിൽ വിതയ്ക്കാൻ സാധിക്കണം. അതുകൊണ്ട് നിർബന്ധിത മതപരിവർത്തന നിയമത്തിനെതിരെ തെരുവിലിറങ്ങുന്നത് ആലോചിച്ചു വേണം. അതു ചെയ്യേണ്ടത് ഇവിടത്തെ സെക്കുലർ രാഷ്ട്രീയ വിഭാഗങ്ങളും, ഭൂരിപക്ഷസമുദായങ്ങളും, സാമൂഹ്യപ്രവർത്തകരും ദളിതരുമാണ്. അവരുടെ യത്നങ്ങളെ നാം പ്രോത്സാഹിപ്പിക്കുകയേ വേണ്ടൂ.

യഥാർത്ഥത്തിൽ സംരക്ഷണം ആവശ്യമുള്ളത് തിരിച്ചറിവിന്റെ വെളിച്ചത്തിൽ മതപരിവർത്തനം നടത്തിയവർക്കാണ്. ബലം പ്രയോഗിച്ച് പുനഃപരിവർത്തനം നടത്തുന്നു എന്ന പരാതികൾ പരക്കെ കേൾക്കുന്നുണ്ട്. സ്വന്തം ബോധ്യപ്രകാരമോ, പരീക്ഷണഫലമായോ, അനുഭവങ്ങളുടെ വെളിച്ചത്തിലോ മതപരിവർത്തനത്തിന് വിധേയരാകുന്നവർക്ക് സംരക്ഷണം ലഭിക്കുകയെന്നത് മൗലികാവകാശമാണ്. എങ്കിൽ മാത്രമേ മതസ്വാതന്ത്ര്യ വാഗ്ദാനത്തിന് അർത്ഥമുള്ളൂ. ●



# ദൈവികതയും വർഗീയതയും ആധുനികഭാരതത്തിൽ

ഡോ. അന്നമ്മ ജോർജ് ഇരവിപേരൂർ

ദൈവനീതിയുടെ സംസ്ഥാപനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഭീകരത നടമാടുന്ന ലോകത്തിൽ പലവിധ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. ഇരുപതാം നൂറ്റാണ്ടിൽ ജർമനിയിൽ ഹിറ്റ്ലർ നടത്തിയ മൃഗീയപീഡനങ്ങൾ, രണ്ട് ലോകമഹായുദ്ധങ്ങൾ, ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ലോക വ്യാപാരകേന്ദ്രം തകർത്തത് മുതലായവയുടെ ഭീകരത വിവരിക്കാനാവില്ല. അതോടൊപ്പം ചേർക്കാവുന്ന മനുഷ്യക്കുരുതിയാണ് ഗോധ്രയിൽ നടന്നതും തുടർന്ന് ഗുജറാത്തിൽ നടന്ന സംഭവങ്ങളും. ഇവിടെയൊക്കെ ഏതെങ്കിലും മതാത്മകത പ്രേരകമായിരുന്നുവോ? അപ്പോൾ മതത്തിന്റെ പ്രസക്തിയെന്താണ്?

ഗുജറാത്ത് ഇന്ത്യയുടെ വേദനയും അപമാനത്തിന്റെ പ്രതീകവുമാകുന്നു. 2001 സെപ്തംബർ 11 ലോകത്തെ മാറ്റിമറിച്ചു എന്നു പറയുന്നതുപോലെ ഗുജറാത്തിൽ നടന്ന നരഹത്യ ഇന്ത്യയിലെ രാഷ്ട്രീയ, സാമൂഹ്യജീവിതത്തെയും മാറ്റിമറിച്ചിരിക്കുകയാണ്. മനുഷ്യന് തന്റെ സഹജീവികളോട് ഇങ്ങനെയൊക്കെ പെരുമാറാൻ സാധിക്കുമോ എന്നു ചോദിക്കേണ്ടി വരുന്ന അവസ്ഥ!! ഇടതുപക്ഷങ്ങളെ ക്രമേണ ഇല്ലാതാക്കാനുള്ള സംഘപരിവാറിന്റെ ആസൂത്രിതനീക്കങ്ങളുടെ പരിണതഫലങ്ങളാണ് ഗുജറാത്തിൽ നാം കണ്ടത്. അതോടൊപ്പം ഇന്ത്യയിലെ ജനങ്ങളിലാകെ വന്നുഭവിച്ചിരിക്കുന്ന വേർതിരിവുകളുടെ അടിയൊഴുക്കുകളും നാം ഗ്രഹിക്കണം. മനുഷ്യൻ എന്ന വികാരത്തിനപ്പുറം ജാതിയുടെയും മതത്തിന്റെയും സ്വത്വബോധങ്ങൾ എവിടേക്കാണ് നമ്മെ നയിക്കുക? മതസൗഹാർദ്ദത്തിനായുള്ള പ്രവർത്തനങ്ങൾ അടിയന്തരപ്രാധാന്യമുള്ളതാണെന്ന് ഗുജറാത്ത് സംഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. മാനുഷിക മൂല്യങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രസക്തിയേറുകയാണ്. മതസൗഹാർദ്ദം കെട്ടുപണി ചെയ്താലേ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിനു നിലനിൽപുള്ളു.

## ഹിന്ദുത്വവാദം

ഇന്ത്യ സാമൂഹ്യമായും സാംസ്കാരികമായും മതപരമായും വൈവിധ്യം നിറഞ്ഞ ഒരു രാജ്യമാണ്. ഇന്ന് വിശ്വഹിന്ദുപരിഷത്തും അതിന്റെ ഒട്ടനവധി പ്രാദേശികഘടകങ്ങളും 'ഹിന്ദുത്വം' എന്ന പേരിൽ ദേശീയ മതാത്മകത പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുന്നു. 'ഹിന്ദുത്വം' എന്ന ആശയവും ഹിന്ദുമതവും തമ്മിൽ വലിയ പൊരുത്തമൊന്നുമില്ല. ഹിന്ദുമതം, ഇതര ശേമ്യമതങ്ങളെപ്പോലെയല്ല. അത് ബ്രഹത്തായ ആശയസമുച്ചയമാണ്. അതിന് സ്ഥാപകനില്ല, അധികാരസ്ഥാനമോ, ഘടനയോ ഇല്ല. എല്ലാത്തരത്തിലുമുള്ള വിശ്വാസാചാരങ്ങളും അതിലുൾക്കൊള്ളുന്നു. അതല്ല ഇവിടെ പരാമർശം, പ്രത്യുത, 'ഹിന്ദുത്വം' എന്നത് ഒരു ഭീതിതമായ ആദർശമാണ്. 'മതാത്മകമായ ദേശീയത' എന്നു വിശേഷിപ്പിക്കാം.

ഇന്ത്യയുടെ മതത്തെപ്പറ്റി ചിന്തിക്കുമ്പോൾ അത് ബ്രഹത്തായ ഒരു സംസ്കാരമാണ്. ഭാരതീയ മതാത്മകത മറ്റൊരിടത്തും കാണാനാവാത്ത വൈവിധ്യം ഉൾക്കൊള്ളുന്നതാണ്. ഇവിടെ ഏകീകൃത വിശ്വാസപ്രഖ്യാപനങ്ങളോ ആചാരാനുഷ്ഠാനങ്ങളോ ഇല്ല. മതാചാരങ്ങൾ പ്രാദേശികമായും വിവിധങ്ങളാണ്. ഇന്ത്യയിലെ ജനങ്ങൾ പൊതുവേ മതവിശ്വാസികളാണ്. ഒരു വിധത്തിൽ പറഞ്ഞാൽ, ഇന്ന് ലോകത്തിലുള്ളതിലേക്കും പുരാതന മതമാണ് ഇവിടെയുള്ളത്. എന്നാൽ അതിന്റെ വേദഗ്രന്ഥങ്ങളും തത്വസംഹിതകളും രൂപീകൃതമായത് ഒരു സഹസ്രാബ്ദത്തിനുള്ളിലാണ്. ഇന്ത്യ എന്നൊരു ദേശനാമം തന്നെ പാശ്ചാത്യരുടെ കോളനി വാഴ്ചക്കാലത്ത് ഉരുത്തിരിഞ്ഞതാണ്. 'ഇന്ത്യ' എന്ന പദം 'സിന്ധു' എന്നതിൽ നിന്നു രൂപം പ്രാപിച്ചതാണ്. അറബികൾ സിന്ധുനദിക്കപ്പുറം വന്നപ്പോൾ, നദിക്കിക്കരയുള്ള ദേശം സിന്ധുദേശം ആയി കണ്ടു. അതു ക്രമേണ ഹിന്ദുദേശമായി. ഹിന്ദുദേശത്തുള്ളവർ അറബികളുടെ മതം സ്വീകരിച്ചിരുന്നില്ല. അവർ ഹിന്ദുദേശക്കാർ, അഥവ ഹിന്ദുക്കളായി അറിയപ്പെട്ടു.

ഇപ്പോൾ 'ഹിന്ദുത്വ'വാദികൾ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് ഇന്ത്യ ഹിന്ദുക്കളുടെ രാജ്യമാണ്. ഇവിടുത്തെ മതവും സംസ്കാരവും വളരെ പുരാതനമാണ്. ഇന്ത്യ വൈവിധ്യം നിറഞ്ഞ മതങ്ങളുടെയും സംസ്കാരങ്ങളുടെയും നാടെന്ന ഖ്യാതി കളഞ്ഞ് ഇന്ത്യയിൽ ഒരു മതാത്മക ദേശീയത വളർത്തിയെടുക്കാൻ ശ്രമം നടക്കുന്നു. ഗുജറാത്ത് അവരുടെ പരീക്ഷണരംഗമാണ്. ആ പരീക്ഷണം വിജയകരമായിരുന്നുവെന്നു വിചാരിക്കുന്ന നേതാക്കളുണ്ട്. ഗുജറാത്തിൽ ബോധപൂർവം നടത്തിയ മനുഷ്യക്കുരുതി ഇന്ത്യയിലും, അന്താരാഷ്ട്രരംഗത്തും അമർഷം ജ്വലിപ്പിച്ചു. ബി.ജെ.പി. ഭരണം വിശ്വഹിന്ദുപരിഷത്തിന്റെ സ്വാധീനത്തിൽ ഇന്ത്യയാകെ വ്യാപിപ്പിച്ചാൽ അത് ഒരു വിശാല ഗുജറാത്താകാം. ഹിന്ദുത്വവാദത്തിന്റെ അടിത്തറ തന്നെ വികലമാണ്. അത് മതമോ ദേശീയതയോ അല്ല. അതിൽ ധാർമികതയില്ല, ചരിത്രപരമായ അടിത്തറയില്ല. ചരിത്രത്തെ വികലമാക്കുകയോ, അവഗണിക്കുകയോ ആണ്. അത് ഇന്ത്യൻ അസ്തിത്വത്തിന് ഹാനികരമാണ്.

ഹിന്ദുത്വ ആദർശത്തിന്റെ വിശദാംശങ്ങൾ ആർ.എസ്.എസ്. സ്ഥാപകനായ ഹെഡ്ഗ്വാറിന്റെയും പിൻഗാമി ഗോൾവോക്കറിന്റെയും എഴുത്തുകളിൽ കാണാം. ഹിന്ദുമതമാണ് ഇന്ത്യയിലുള്ള ജനകോടികളെ ഒന്നാക്കി നിർത്തുന്നത്. ഹിന്ദുക്കൾ മാത്രമാണ് ഇന്ത്യൻ ജനത. പുരാതനകാലം മുതലേ ഇവിടെ നിലനിന്നിരുന്നതാണ് ഹിന്ദുമതം. ഇവിടുത്തെ സമൂഹം ആരാധിക്കുന്നത് 'രാഷ്ട്രപുരുഷ' എന്ന ദേശീയതയെയാണ്. ഗോൾവോക്കർ, ഹെഡ്ഗ്വാറിനെ വിശേഷിപ്പിക്കുന്നത് അഹന്തയില്ലാതെ 'രാഷ്ട്രപുരുഷ'നോടുള്ള ഭക്തി പ്രകടിപ്പിച്ചു എന്നാണ്. ഹിന്ദുസമൂഹം തന്നെ ഈശ്വരന്റെ വെളിപ്പാടാണ്. 'രാഷ്ട്ര ദേവോ ഭവ' എന്നതിൽ ഹിന്ദുത്വവാദികൾ പ്രചോദനം കൊള്ളുന്നു. മാത്രമല്ല, ദേശത്തെ തങ്ങളുടെ ഇഷ്ടദേവതയായും കാണുന്നു. തങ്ങൾക്കുള്ളതെല്ലാം അഖണ്ഡഭാരതത്തിനു സമർപ്പിക്കണം. ലോകത്തിൽ വച്ച് ഏറ്റവും മഹത്തായതും മേന്മയേറിയതുമായ ഈ ഭാരതമാണ്. ഇതാണ് ആദർശദേശം. ഭൂമുഖത്ത് സ്വതന്ത്രവും മഹത്തുമായ ദേശത്ത് ആദർശവാദികളായ മനുഷ്യർ വസിക്കുന്നു.

ഇന്ത്യയെ ഒരു അഖണ്ഡഭാരതമായും ഇടപെടൽ ഇല്ലാത്ത ചരിത്രമായും, ഏകീകൃത ഹിന്ദുസമൂഹം ഉള്ള ദേശമായും



# കൊടുക്കുക: വളരുക

ജോർജ് ബഹനാൻ ടി.
(കൺസൾട്ടൻറ് കൗൺസലർ & തെറാപ്പിസ്റ്റ്, തിരുവനന്തപുരം)

**കൂ**രയ്ക്കുള്ളിൽ താമസിക്കുന്ന മൃഗങ്ങളാണ് പശുവും പന്നിയും. പക്ഷേ അവയുടെ ജീവിതശൈലി തികച്ചും വ്യത്യസ്തം. മുൻപിൽ കിട്ടുന്നതെല്ലാം പന്നി ഭക്ഷിക്കുമ്പോൾ പശു വളരെ ചിട്ടയോടെ മാത്രം ആഹാരം കഴിക്കുന്നു. പന്നിയെ ആരും ഇഷ്ടപ്പെടാത്തതിനാൽ അവനെന്നും അസംതൃപ്തി. പക്ഷേ പശുവിനെപ്പറ്റി എല്ലവരും സ്നേഹത്തോടെ സംസാരിക്കുന്നു. പന്നി പശുവിനോടു പറഞ്ഞു: "നീ എല്ലാ ദിവസവും പാലു കൊടുക്കുന്നു. നിന്റെ ചാണകം പോലും മനുഷ്യർക്കു പ്രയോജനപ്പെടുന്നു. ഞാനും അതു തന്നെ ചെയ്യുന്നു. മനുഷ്യന് ഞാൻ എന്റെ മാംസം കൊടുക്കുന്നു. എന്റെ രോമം കൊണ്ട് അവർ ബ്രഷ് ഉണ്ടാക്കുന്നു. എന്റെ കുളമ്പ് അച്ചാറിടുന്നു. എന്നിട്ടും അവരെന്നെ വെറുക്കുന്നു". അപ്പോൾ പശു പറഞ്ഞു, "പ്രശ്നമിതാണ്. നിന്നെ കൊല്ലുകയാണെങ്കിൽ മാത്രമേ അവർക്ക് പ്രയോജനമുള്ളൂ. എന്നാൽ, ഞാൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ പലതും മനുഷ്യനു കൊടുത്തുകൊണ്ടിരിക്കുന്നു". പന്നിക്ക് കാര്യം പിടി കിട്ടി. കൊടുക്കാൻ വേണ്ടിയാണു നാം ജീവിക്കേണ്ടത്; അതാണ് ജീവിതോദ്ദേശ്യം.

സുപ്രസിദ്ധ മനഃശാസ്ത്രജ്ഞനായ ഡോ. കാൾ മാനിങർ മാനസികാരോഗ്യത്തെപ്പറ്റി ഒരു പ്രസംഗം നടത്തിയതിനു ശേഷം ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നു. "പെട്ടെന്നുണ്ടാകുന്ന മാനസികത്തകർച്ചയ്ക്ക് എന്തുചെയ്യണം" എന്നൊരാൾ ചോദിച്ചു. ഒരു മനഃശാസ്ത്രജ്ഞനെ സമീപിക്കണമെന്ന ഉത്തരമാണ് എല്ലാവരും പ്രതീക്ഷിച്ചത്. അദ്ദേഹം പറഞ്ഞു, "നിങ്ങൾ നിങ്ങളുടെ മുറിയടച്ച് തെരുവിലേക്കിറങ്ങി അവിടെ ആവശ്യമുള്ളവർക്ക് സഹായം കൊടുക്കുക". കൊടുക്കുന്ന മനസ്സിന് കൂടുതൽ സമനില ലഭിക്കുന്നു. കൊടുക്കാൻ മനസ്സുണ്ടാകുന്നവർക്ക് കുറ്റബോധം കുറയും. കൊടുക്കുകയെന്നു പറയുമ്പോൾ പലപ്പോഴും, നമ്മുടെ കയ്യിലുള്ളത് ഉപേക്ഷിക്കുക എന്ന തെറ്റായ ധാരണയാണുള്ളത്. സൃഷ്ടിപരമായ സ്വഭാവമുള്ളവർക്ക്, കൊടുക്കുകയെന്നത് മാനസികാരോഗ്യത്തിന്റെ പ്രകടമായ ഉദാഹരണമാണ്. ആ

---

സങ്കല്പിക്കുന്നത് ഒരു രാഷ്ട്രീയ അടവാണ്. സാങ്കല്പികമായ ഒരു സുവർണകാലത്തിന്റെ അനന്തരഗാമികളായി ഇന്ത്യയെ കണ്ട ഗോൾവോക്കർ ഇപ്രകാരം എഴുതി. പുരാതന ആധികാരിക രേഖകൾ സംശയരഹിതമായി സ്ഥാപിക്കുന്നതും ലോകത്തിൽ ഇന്നുള്ള ശാസ്ത്രസാങ്കേതികവിദ്യയിലും കരകൗശലം മുതലായവയിലും ഇന്ത്യ വളരെ മുന്നേറിയിരുന്നു. നൂറ്റാണ്ടുകൾക്കു മുൻപേ ഇന്ത്യയും വിമാനം പറപ്പിക്കാമായിരുന്നു എന്നൊക്കെയാണ് വാദം. എന്നാൽ ചരിത്രകാരന്മാർ ഇപ്രകാരമുള്ള അവകാശവാദങ്ങൾ പുച്ഛിച്ചുതള്ളുകയാണ്. കെ. എൻ. പണിക്കരുടെ അൾട്ടർനെറ്റീവ് ഹിറ്റ്റിഗ്രാഫർ അതു വ്യക്തമാക്കുന്നു. ഹിന്ദുത്വവാദികൾ പ്രോത്സാഹിപ്പിക്കുന്ന ഏകീകരണ വ്യവസ്ഥ സർവവിധരംഗങ്ങളും ഉൾക്കൊള്ളുന്നതാണ്. ഇത് ഒരു ദേശം, ഒരു രാഷ്ട്രം, ഒരു നിയമസഭ, ഒരു ഭരണസംവിധാനം, എന്നതാണ് ലക്ഷ്യം. ഇപ്പോഴുള്ള വൈവിധ്യം പ്രകടമാക്കുന്ന പ്രാദേശികത, ഭാഷ, വിഭാഗീയത മുതലായവ രാഷ്ട്രത്തെ ഒന്നായി കാണുന്നതിന് പ്രതിബന്ധങ്ങളാണ്. സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന തന്നെ, പാശ്ചാത്യരാജ്യങ്ങളിൽ നിന്നും കടമെടുത്ത പ്രമാണരേഖകളാണ്. അത് പുനഃപരിശോധനയ്ക്കു വിധേയമാവണം. അതിലെ ഫെഡറൽ ഘടന മാറണം. ഒരു ഏകീകൃതഘടനാരൂപം ഉണ്ടാവണം. അങ്ങനെ ഒരു ഏകീകൃതഭരണഘടനയ്ക്കു ചേർന്ന സർക്കാരുമുണ്ടാവണം. ഹെഡ്ഗ്വാറിന്റെ 'ഇന്ത്യ ഒരു രാജ്യം ഒരു ജനത, ഒരു സംസ്കാരം' എന്ന ആദർശം ഗോൾവോക്കർ വിശദമാക്കി. ഇവിടെ ഒരു ദേശീയ ഭാഷ ഉണ്ടാവണം. അതു സംസ്കൃതം തന്നെ. അത് ദേശത്തെ ഏകമാക്കാനുള്ള ഘടകമാകും. കാരണം, സംസ്കൃതം ഭാഷകളുടെ തമ്പുരാട്ടിയും ദേവന്മാരുടെ ഭാഷയുമാണ്. എന്നാലും ദേശീയ ഐക്യത്തിനും ആത്മാഭിമാനത്തിനും ഹിന്ദി ദേശീയഭാഷയായി സ്വീകരിക്കണം.

ഹിന്ദുത്വത്തിന്റെ ദേശീയാദർശം ഇന്നു വളരുകയാണ്. സമൂഹത്തിലെ രാഷ്ട്രീയ, മതരംഗങ്ങളിൽ ശക്തി ഉറപ്പിച്ചുവരുന്നുവെന്നു മാത്രമല്ല, ഹിന്ദുസമൂഹത്തിലെ സ്ത്രീകളെയും താണജാതിക്കാരെയും അടിച്ചമർത്തുകയും ചെയ്യുകയാണ്. സൂക്ഷ്മനിരീക്ഷണം നടത്തിയാൽ വർണവ്യവസ്ഥ ശക്തിപ്പെടുത്താനുള്ള ശ്രമവും കാണും. ചതുർവർണ സാമൂഹ്യഘടനയിൽ ബ്രാഹ്മണമേധാവിത്തമാണ് സംഭവിക്കുന്നത്. ഗോൾവോക്കർ 'വർണവ്യവസ്ഥയെ' ഏറ്റം നല്ല സാമൂഹ്യ സംവിധാനമായാണ് വിവരിക്കുന്നത്. ഹിന്ദുസങ്കല്പത്തിലെ ലോകവ്യവസ്ഥ മനുധർമത്തിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സ്വധർമമാണ്. അവിടെ വർണാധിഷ്ഠിത കർമപാലനം നടക്കണം. സ്ത്രീകൾക്ക് അതിൽ രണ്ടാം സ്ഥാനമേയുള്ളൂ. അവർ സീത-സാവിത്രി പ്രതീകങ്ങളാവണം. 'സതി' മുതലായ ആചാരാനുഷ്ഠാനങ്ങൾ, സംസ്കാരത്തിന്റെ ഭാഗമായി കണ്ട് ആചരിക്കണം. അതുകൊണ്ടാണ് ആർ.എസ്.എസിന്റെ വനിതാഘടനയായി രാഷ്ട്രസേവികാസമിതി രൂപീകരിച്ചത്. അവിടെ സ്ത്രീകൾ കുടുംബത്തിനുള്ളിലെ താണജോലികളാണ് ചെയ്യേണ്ടത്. ഗുജറാത്തിൽ മുസ്ലിംസ്ത്രീകളോടു കാട്ടിയ അതിക്രൂരത ഹിന്ദുത്വവാദത്തിന്റെ പ്രകടനം കൂടിയാണ്.

ഹിന്ദുത്വവാക്കും ഒരു ബ്രഹത്തായ കാപട്യമാണ്. ഈ വ്യാജമതാത്മകപ്രസ്ഥാനം രാജ്യത്തെ രണ്ടു തട്ടിലാക്കുവാൻ ക്രമേണ വിജയിക്കുകയാണ്. അത് ആദർശപരമായ ഒരു ഇന്ത്യൻ സമൂഹം ആവിഷ്കരിക്കു മെന്നു പറയുന്നുണ്ടെങ്കിലും അതിന്റെ അടിസ്ഥാനം ഫാസിസ്റ്റ് ഭാവമാണ്. അത് ദരിദ്രവിരുദ്ധവും, സ്ത്രീവിരുദ്ധവും, സമൂഹവിരുദ്ധവും, മതവിരുദ്ധവുമായതിനാൽ അത് ഒരു ദേശീയ വിപത്താണ്. ഇൻഡ്യയെപ്പോലെ ഇത്ര മതസാംസ്കാരിക വൈവിധ്യം നിറഞ്ഞ ഒരു ജനസമൂഹത്തെ ഏകസമൂഹഘടനയിൽ കുറിച്ചിടാനാവുമോ? അപ്പോൾ ഇവിടുത്തെ സജീവമതങ്ങൾക്ക് എന്തു മറുമരുന്നാണ് നൽകാനാവുക?

### ഭാരതത്തിന്റെ മതവൈവിധ്യകം

സാമൂഹ്യ, സാംസ്കാരിക വൈവിധ്യം ഉൾക്കൊള്ളുന്നതിനു പുറമെ ഒട്ടനവധി മതവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളുമുള്ള രാജ്യമാണ് ഭാരതം. 'ഹിന്ദുമതം' എന്നു കോളനി വാഴ്ചക്കാർ വിശേഷിപ്പിച്ച മതാത്മകതയുടെ പ്രാരംഭം അവ്യക്തമായി നിൽക്കുന്നു. വ്യക്തമായ വിശ്വാസാചാരങ്ങൾ നിഷ്കർഷിക്കുന്ന ഇസ്ലാം, ക്രിസ്തുമതം എന്നീ ശേമ്യമതങ്ങളിൽ നിന്നു വ്യത്യസ്തമായി ഈ രാജ്യത്തു കണ്ട മതാചാരങ്ങളെ കോളനി വാഴ്ചക്കാർ ഹിന്ദുമതമെന്നു നിർവചിച്ചു. അതിന് പ്രത്യേക സ്ഥാപകരില്ല. വേദഗ്രന്ഥങ്ങൾ ഒരു ഏകീകൃത ആചാരാനുഷ്ഠാനങ്ങൾ നിർദ്ദേശിക്കുന്നില്ല. ലോകമതങ്ങളിലൊന്നായി ഹിന്ദുമതത്തെ കണക്കാക്കുന്നതിൽ തെറ്റില്ല. അതിലെ വൈവിധ്യം വിവരണാതീതമാണ്.

*(തുടരും)*

പ്രക്രിയയിൽ ഞാൻ എന്റെ എല്ലാത്തരത്തിലുമുള്ള ശക്തിയും അനുഭവിക്കുന്നു. കിട്ടുന്നതിനെക്കാൾ സന്തോഷം കൊടുക്കുന്നതിലാണ്. മരിച്ചു കിടക്കുന്നയാൾക്ക് കൊടുക്കുവാൻ പറ്റുമോ! അബോധാവസ്ഥയിലായിരിക്കുന്നവർക്കും അത് പറ്റില്ല. അപ്പോൾ ജീവനുള്ളതിന്റെ അതിശക്തമായ അടയാളമാണ് കൊടുക്കുക എന്നു പറയുന്നത്. അതുകൊണ്ട് കൊടുക്കാൻ മനസ്സില്ലാത്തവർ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചുകൊണ്ടിരിക്കുന്നവരാണ്. ഗുഹാമനുഷ്യനിൽ നിന്നു ആധുനികമനുഷ്യനിലേക്കുള്ള വളർച്ചയുടെ അടിസ്ഥാനം കൊടുക്കുന്നതിന്റെ ആത്മീയവും, മനഃശാസ്ത്രപരവുമായ ശക്തിയാണ്.

അദ്ധ്വാനശീലർ പണം സമ്പാദിക്കും. മറ്റു ചിലർ സമർത്ഥമായി ചെലവാക്കും. വേറൊരു കൂട്ടർ ചരതിച്ചുവയ്ക്കുന്നവരാണ്. ഇതിലൊന്നും ക്രിയാത്മകതയും ചലനാത്മകതയുമില്ല. നമുക്കുള്ളത് മറ്റുള്ളവർക്കു കൊടുക്കുമ്പോഴാണ് ജീവിതം അർത്ഥസംപുഷ്ടമാകുന്നത്. കൊടുക്കുന്നവർക്കേ കിട്ടുകയുള്ളൂ. കൊടുക്കുകയെന്നു പറയുമ്പോൾ പെട്ടെന്ന് നമ്മുടെ മനസ്സിൽ വരുന്നത് പണം കൊടുക്കുന്നതിനെപ്പറ്റിയാണ്. പക്ഷേ നമുക്ക് കൊടുക്കുവാൻ പണം മാത്രമല്ല, സമയവും കഴിവുകളുമുണ്ട്. ഇവ മൂന്നും ചേരുമ്പോഴാണ് കൊടുക്കൽ പൂർണതമാകുന്നത്. ധനികനായ ഒരു യുവാവ് കർത്താവിനെ കാണാൻ വന്നു. ധാരാളം നല്ല ഗുണങ്ങളുള്ള മനുഷ്യൻ. പക്ഷേ കർത്താവ് അവനെ നോക്കി ഒരു കുറവ് കണ്ടെത്തി. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കാൻ കർത്താവ് അവനോടു പറഞ്ഞു.

മഹാത്മഗാന്ധിയും മദർ തെരേസയും ഏബ്രഹാം ലിങ്കണുമൊക്കെ ഒരു കാലഘട്ടത്തെ സൃഷ്ടിച്ചത് അവരെത്തന്നെ രാജ്യത്തിനു കൊടുത്തതുകൊണ്ടാണ്. കുടുംബത്തിന്, സ്ഥാപനങ്ങൾക്ക്, പ്രസ്ഥാനങ്ങൾക്ക്, രാജ്യത്തിന്, എനിക്ക് എന്തു സംഭാവന കൊടുക്കാൻ സാധിക്കുമെന്ന ചിന്തയും അതിനനുസരണമായ പ്രവർത്തനവുമാണ് ഐശ്വര്യത്തിന്റെ അടിസ്ഥാനശില. ഇതിന്റെ അഭാവമാണ് നമ്മുടെ രാജ്യത്തെ ഒരു മൂന്നാം ലോകരാഷ്ട്രമായി മാറ്റിയത്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഇംഗ്ലണ്ടിൽ രൂക്ഷമായ പഞ്ചസാരക്ഷാമം അനുഭവപ്പെട്ടു. ഒരു നിശ്ചിതയളവ് പഞ്ചസാര സൂക്ഷിച്ചു വച്ചിട്ട് ബാക്കിയുള്ളത് ഗവൺമെന്റിന് കൊടുക്കാൻ നിർദ്ദേശം വന്നു. പഞ്ചസാര കൊടുക്കാൻ നീണ്ട ക്യൂ. അവസാനം, ആവശ്യത്തിലധികം പഞ്ചസാര അധികൃതർക്ക് ലഭിച്ചു! ഇത്തരം സന്ദർഭങ്ങളിൽ എന്തുമാത്രം പുഴ്ത്തിവയ്ക്കാമെന്നാണ് നമ്മൾ ചിന്തിക്കുക.

**അദ്ധ്വാനശീലർ പണം സമ്പാദിക്കും. മറ്റു ചിലർ സമർത്ഥമായി ചെലവാക്കും. വേറൊരു കൂട്ടർ ചരതിച്ചുവയ്ക്കുന്നവരാണ്. ഇതിലൊന്നും ക്രിയാത്മകതയും ചലനാത്മകതയുമില്ല. നമുക്കുള്ളത് മറ്റുള്ളവർക്കു കൊടുക്കുമ്പോഴാണ് ജീവിതം അർത്ഥസംപുഷ്ടമാകുന്നത്. മഹാത്മഗാന്ധിയും മദർ തെരേസയും എബ്രഹാം ലിങ്കണുമൊക്കെ ഒരു കാലഘട്ടത്തെ സൃഷ്ടിച്ചത് അവരെത്തന്നെ രാജ്യത്തിനു കൊടുത്തതുകൊണ്ടാണ്. നമ്മൾ കൊടുക്കുന്നതെന്തുതന്നെയായാലും സാദ്ധ്യതകളിൽ നിന്നു സാദ്ധ്യതകളിലേക്ക് നമ്മെ നയിക്കുന്ന ഒരു സ്വത്തായി അതു മാറും.**

ബ്രിട്ടീഷുകാരെ സാമ്രാജ്യവാദികളെന്ന് നാം വിളിക്കുമ്പോൾ ഒരു കാര്യം മറക്കരുത്. സ്വന്തം നാടും സുഖസൗകര്യങ്ങളും വെടിഞ്ഞ് ലോകത്തിന്റെ നാനാഭാഗത്ത് ജനങ്ങളെ സേവിച്ച ഇംഗ്ലണ്ടിലെ മിഷനറിമാരും സാമൂഹ്യപ്രവർത്തകരും ലോകസംസ്കാരത്തെ മാറ്റിമറിച്ചവരാണ്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മൂലം നമുക്കുണ്ടായിട്ടുള്ള നന്മയ്ക്ക് നാം ഇംഗ്ലീഷുകാരോടു കടപ്പെട്ടിരിക്കുന്നു. അവരുണ്ടാക്കിയ മഹത്തായ സ്ഥാപനങ്ങളുടെ ജീവരക്തം ഊറ്റിക്കുടിക്കാനല്ലാതെ യാതൊന്നും തിരിച്ചുകൊടുക്കാൻ നമുക്കു സാധിച്ചിട്ടില്ല. കൊടുക്കാനുള്ള മനഃസ്ഥിതിയില്ലാത്തതുകൊണ്ട് മാത്രമാണ് നമ്മുടെ സ്കൂളുകൾ നിന്നുപോകുന്നതും, മറ്റു സ്ഥാപനങ്ങൾ ശുഷ്കിച്ചുപോകുന്നതും.

കൊടുക്കുന്നവർ സാധ്യതകൾ സൃഷ്ടിക്കുന്നവരാണ്. ആ സാദ്ധ്യതകളിലൂടെ അവർക്ക് പലതും തിരിച്ചുകിട്ടുന്നു. കൊടുക്കുന്നതു ത്യാഗമാണ്; ആ ത്യാഗത്തിലൂടെ ദാതാവ് ആത്മീയമായും മാനസികമായും വളരുന്നു. ''ഞാൻ മറ്റുള്ളവർക്കു കൊടുത്ത് ക്ഷീണിച്ചു. ഇത് എന്നാണ് നിർത്താൻ പറ്റുന്നത്,'' ഒരാൾ സ്വർഗത്തിൽ നിന്നു വന്ന മാലാഖയോടു പരാതി പറഞ്ഞു. അപ്പോൾ മാലാഖ പറഞ്ഞു, 'ശരി നമുക്കൊരു കരാറുണ്ടാക്കാം. ദൈവം നിനക്ക് എന്നും ധാരാളം കാര്യങ്ങൾ തരുന്നു. ദൈവം അത് നിർത്തുന്ന നിമിഷം, മറ്റുള്ളവർക്ക് കൊടുക്കുന്നത് നിനക്കും നിർത്താം.'! മാലാഖ കണ്ണടച്ചു തുറക്കുന്നതിനു മുൻപ് മനുഷ്യൻ ഓടി രക്ഷപ്പെട്ടു. എന്റെ ബാങ്ക് ബാലൻസ്, വീട്, കാറ്, കുടുംബം, എല്ലാം എന്റെയെന്നുള്ള ചിന്ത നമ്മെ മാനസികരോഗികളാക്കും. ഇതെങ്ങനെ ഞാൻ മറ്റുള്ളവർക്കു കൊടുക്കുമെന്ന ചിന്താഭാരത്തിലാണ് നമ്മൾ. നിർബന്ധം കൊണ്ട് കൊടുക്കുന്നവരുണ്ട്. അവർക്ക് കൊടുക്കാൻ മനസ്സുവരണമെങ്കിൽ 'അടി' കിട്ടണം! ഒരിക്കൽ ഒരു പട്ടക്കാരൻ പള്ളിയുടെ സീലിംഗ് കേടുപോക്കുന്നതിനെപ്പറ്റി സംസാരിക്കുകയായിരുന്നു. അപ്പോൾ ഒരാളെഴുന്നേറ്റ് ഇരുന്നൂറ് രൂപ അതിലേക്കു വാഗ്ദാനം ചെയ്തു. പെട്ടെന്ന് സീലിംഗിന്റെ ഒരു ഭാഗം അടർന്ന് ആ മനുഷ്യന്റെ തലയിൽ വീണു. അപ്പോൾ അയാൾ തല തടവിക്കൊണ്ടു പറഞ്ഞു: അച്ചരാ, ഞാൻ അഞ്ഞൂറു രൂപാ സംഭാവന തരാൻ തീരുമാനിച്ചിരിക്കുന്നു. അച്ചനു വീണ്ടും സന്തോഷം. അദ്ദേഹം സ്വർഗത്തേക്കു നോക്കി പ്രാർത്ഥിച്ചത്: 'ദൈവമേ, ഒരിക്കൽ കൂടി സഹോദരന്റെ തലയിൽ സീലിംഗിന്റെ ഒരു ഭാഗം വീഴിക്കണമെ!'. നമുക്കൊക്കെ കൊടുക്കാൻ മനസ്സുണ്ടാകണമെങ്കിൽ രോഗങ്ങളും പരീക്ഷകളും വരണം.

കൊടുക്കാനാണ് ദൈവത്തിനു മനസ്സ്; മനുഷ്യന് വാങ്ങിക്കാനും. പക്ഷേ കലവറയില്ലാതെ കൊടുക്കുന്നവനെ മാത്രമേ ദൈവം അനുഗ്രഹിക്കുകയുള്ളൂ. നിന്റെ അപ്പത്തെ വെള്ളത്തിൻമേൽ എറിഞ്ഞു നോക്കൂ, അത് വലിയ നിധിയായി തിരിച്ചുവരും. കൊടുത്തു നശിച്ചവരാരും ഈ ലോകത്തില്ല. വെസ്റ്റ്മിനിസ്റ്റർ ആബിയിലെ ക്രിസ്റ്റഫൻ ചാപ്മാന്റെ ശവകുടീരത്തിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: ***what I kept, I lost; what I spent, I had; what I gave, I have.*** നമ്മൾ കൊടുക്കുന്നതെന്തുതന്നെയായാലും സാദ്ധ്യതകളിൽ നിന്നു സാദ്ധ്യതകളിലേക്ക് നമ്മെ നയിക്കുന്ന ഒരു സ്വത്തായി അതു മാറും. ●

The teaching of Sri Narayana Guru is relevant for all people in the present context. The great *smayasya*-One Caste, One religion, one God-of Guruji is to be repeated again and again for our survival today. In a survey conducted by the Malayala Manorama, Mahatma Gandhi is declared as the man of the Millennium and Sri Narayana Guru as the man of the Century. The noble ideals of these great men who had given space in their relationship with people irrespective of their religious or cultural difference made them great. They had only one message." **Fight against the power of darkness by lighting a candle.** They believed that "there is not enough darkness in the world to put out the light of one candle". As the great scientist C. V. Raman maintained, if you want to get a good result, "Right thought, Right instrument, and Right Method are required". Our fault is that we do "the so called good things" in the wrong way. This is the curse of today's politics We mix politics with religion. The result is that we make a mixture of poison! At the entrance of the Ecumenical Christian Centre where I serve as its Director, we have put up a poster recently in the context of the Gujarat riots: "The colour of the blood passing through the blood vessels of Hindus, Christians, Muslims, Parsees, Buddhists and Jews is the same, red. Let us therefore work for religious harmony as members of the one family of God." The noble ideal of Vasudhaiva Kudumbakam is forgotten. We judge people by colour, caste and religion. Sri Narayayana Guru, as a social reformer and spiritual leader wanted to bring ethics to politics. He believed that the weaker sections are the ones who make the river of life flowing. He affirmed that a city is to be judged both by its gardens and the waste disposal systems. In fact, the welfare of the minority makes the life of the majority harmonious. One Bin Laden is enough to destroy the peace of the mighty nation of the World-America. One Veerappan is enough to give sleepless nights to the might of the two or three governments in the South. Therefore inter-religious harmony, welfare of the weaker sections and peace among all peoples of God should be our basic concerns. This is the basic legacy of Sri Narayana Guru.

As the Quran says, "help one another in righteousness and piety, but help not one another in sin and enmity". The Bible is quite explicit when it says that we should

# MANAVA MAITHRI



relate ourselves to another through the basics. To quote, "Whoever says I am in the light, while hating a brother or sister, is still in the darkness. Whoever loves a brother or sister lives in the light and in such a person there is no cause for stumbling". There are several common tasks before us: To fight against all attempts to disfigure the face of Truth. Do we really represent truth as seen by the Ancients "Asato ma sat gama.....". How do we weave communities of hope in the midst of caste discrimination, racial prejudice, patriarchy, economic exploitation, communalism and several other unjust laws? Do we bring shame upon our country?

There is a tremendous task before the peace-makers of today. They have to search for the buckle that binds and a hyphen that joins the terrestrial and the celestial. "In the past, energies were spent in strengthening the fence and guarding the gates rather than deepening the wells" (S. J. Samartha). **Loving one's neighbour does not mean "gazing at each other, but looking outward together in the same direction"**. The Vedic thoughts are worth recalling. "Let noble thoughts come to me from all directions". Let us, therefore, shout out "Loka Samastha sukino bhavanthu". The vision of Isaiah is worth recalling "On that day there will be a highway from Egypt to Assyria, and the Assyrians will come into Egypt, and the Egyptians into Assyria and the Egyptians will worship with the Assyrians". This must happen in Jerusalem, Ayodhya and other places where we live. Let us, therefore, hold our heads high saying Satyam Meva Jayathe".

To dispel darkness from our midst is our great task. Darkness appears in our midst in several forms such as hatred, jealousy, xenophobia, immorality, ignorance, selfishness, and greed. We also create darkness through a philosophy of the robbers in the parable of the Good Samaritan told by Jesus, "What is mine is mine and what is yours is also mine". In every communal roots, there is looting, murder, rape and several such barbaric acts. What had happened in Gujarat recently is a chapter of shame. The simple truth is that plurality is not sin, but division. Plurality is integral of reality. Look at the Nature around us. Biodiversity is integral to the order of creation. There are common values in our cultural traditions whether one is a Hindu, or a Christian or a Muslim or a Sikh. The spiritual values of our marriage ceremonies and religious festivals, and the need of the people to build worshipping places carry message of great truths. There should be genuine attempts to discover the forgotten truths.

Studying the religious scriptures of our neighbours makes a difference in our inter-religious relationships. Ignorance is an enemy of God. Satyam, sivam-sundaram (truth, order and beauty) ought to be on our lips. We are called to pursue the things which would promote truth and harmony.

It is indeed sad that the worshipping places in the community have become the storehouse of weapons. Worshipping places are the meeting of the humans for the sake of community building. Moving from fundamentalism to the fundamentals of religion is the need of the hour. There is a cultural paradigm in the myth of Ravana.He symbolizes ego, the sense of I-ness. We should win victory over Ravana at any cost. The annihiliation of the sense of I-ness is a pre-condition for enlightenment. God's will is that "those who worship Him, even if not united in the same worship, whould nevertheless be united in brotherhood and in common service for the good of all" (Pope John Paul II).

"Lord, you are the centre of everything

You stretch your arms form the centre to the circumference

Enable us, Lord, to know the radius of life

Teach us to draw the circle of life with love as the central point and truth as its radius".

***(Speech delivered by the Rev. Dr. M. J. Joseph at the Silver Jubilee Celebrations of Sree Narayana Samithi, Bangalore Chapter)***

The Rev. Dr. G. Dyvasairvadam, General Secretary of the CSI Synod was consecrated Bishop in Krishna-Godaveri Diocese on Sunday, 24 November 2002.

■■

The W.C.C. Central Committee has decided to hold the next Assembly in the Brazilian City, Porto Algre, in the year 2006. This will be the first Assembly to be held in Latin America. Previous Assemblies met in Amsterdam (1948), Evanston (1954), New Delhi (1961) Uppsala (1968), Nairobi (1975), Vancouver (1983), Canberra (1991) and Harare (1998).

■■

Transparency International working to eradicate corruption, in its 2002 index, rated Nigeria as the second most corrupt country in the world, behind Bangladesh.

■■

The representatives of the Anglican Churches in Britain, Ireland and the Nordic and Baltic Lutheran Churches, after three years of discussion made an agreed statement in 1992 at Provoo city in Finland. After ten years the Provoo Unity Declaration continues to influence ecumenical development world wide. The arguments provide for full intercommunion between the churches including the acceptance of one another's bishops, priests and deacons without re-ordination. It also pledged to "regard baptized members of all churches as members of our own". Provoo has helped similar agreements in North America, and also a unity covenant currently being considered in England by the Methodist Church and the Church of England.

■■

The Holy Synod of the Orthodox Church of Greece has rejected a request by priests to be allowed to dispense with traditional beards, cassocks and head-dress. However priests are allowed to wear ordinary clothes while driving, shopping or spending time with their families. The Church also rejected calls for a change in celibacy rules to allow priests to marry after ordination.

# NEWS

## FROM HERE AND THERE

### കെ.സി.സി. വാർത്തകൾ

ഔദ്യോഗികാവശ്യങ്ങൾക്കായി വിദേശത്തു പോയിരുന്ന കെ.സി.സി. സെക്രട്ടറി റവ. ഡോ. എ. ടി. ഏബ്രഹാം തിരിച്ചെത്തി. അമേരിക്കയിലെയും കാനഡയിലെയും വിവിധ പള്ളികളും എക്യുമെനിക്കൽ സെന്ററുകളും അദ്ദേഹം സന്ദർശിക്കുകയുണ്ടായി.

■■

തോട്ടം മേഖലാപ്രശ്നങ്ങൾ പഠിക്കുന്നതിന് കെ.സി.സി.യുടെയും കാസ കേരള റീജന്റെയും സംയുക്തസംഘം പീരുമേട്, വണ്ടിപ്പെരിയാർ സ്ഥലങ്ങളിലെ തോട്ടങ്ങൾ സന്ദർശിച്ചു. തോട്ടം മേഖലയിൽ അടിയന്തരമായി ആരംഭിക്കേണ്ട പദ്ധതികളെ സംബന്ധിച്ച അവരുടെ റിപ്പോർട്ട് കെ.സി.സി. എക്സിക്യൂട്ടീവിനു സമർപ്പിച്ചിട്ടുണ്ട്.

■■

കെ.സി.സി., ടി.എം.എ. ഓറിയന്റേഷൻ സെന്റർ, കാസ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു വിദ്യാഭ്യാസ സെമിനാർ മാങ്ങാനത്തു നടന്നു. ഡോ. ജോർജ് മാത്യു (ന്യൂഡൽഹി), ഡോ. എ. കെ. രാമകൃഷ്ണൻ (എം. ജി. യൂണിവേഴ്സിറ്റി), ഡോ. അഹമ്മദ് നിസ്സാർ (കാലടി സംസ്കൃതസർവകലാശാല) എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. 'വിദ്യാഭ്യാസ രംഗവും ക്രൈസ്തവസാക്ഷ്യവും' എന്നതായിരുന്നു മുഖ്യചിന്താവിഷയം.

■■

കൂദാശപരമായ ഐക്യം സംബന്ധിച്ച് കെ.സി.സി. ഫെയ്ത്ത് ആൻഡ് യൂണിറ്റി കമ്മിഷന്റെ ആഭിമുഖ്യത്തിൽ ചർച്ച നടന്നു. മുൻ കെ.സി.സി. സെക്രട്ടറി ശ്രീ. എം. കുര്യൻ മുഖ്യപ്രബന്ധം അവതരിപ്പിച്ചു. ബിഷപ്പ് സാം മാത്യു അദ്ധ്യക്ഷനായിരുന്നു.

■■

### ആശംസകൾ

പ്രസിദ്ധീകരണരംഗത്ത് പത്തു വർഷം പിന്നിട്ട ന്യൂ വിഷന് ആശംസകൾ. ക്രിസ്തീയ പ്രസിദ്ധീകരണങ്ങളുടെയിടയിൽ മാറ്റത്തിന്റെ ശബ്ദമാണ് ന്യൂവിഷൻ. ജീവിതത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്നവർ തങ്ങളുടെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ രചനയ്ക്കായി തെരഞ്ഞെടുക്കുന്നത് ന്യൂവിഷന്റെ മാറ്റുകൂട്ടുന്നു. ഡിസംബർ ലക്കത്തിൽ ചെറുകഥയ്ക്കായി ഒരു പേജ് നീക്കിവച്ചത് ഉചിതമായി. കഥയ്ക്കും കവിതയ്ക്കും ന്യൂവിഷൻ കോളങ്ങൾ തുടർന്നും നൽകുമെന്നു കരുതട്ടെ. ഇത് യുവജനങ്ങളിലെ സർഗാത്മക കഴിവിനെ വളർത്തുവാനുതകും.

***പി. എം. മാത്യു ഏഴോലി, ബാംഗ്ലൂർ***

## *Soya Protein & Health*



Proteins are important for tissue growth as well as combating diseases. One source of complete proteins, especially for vegetarians, is soya beans. They contain all the nine essential amino acids.

Populations with high levels of soya bean intake have lower rates of coronary heart disease, breast cancer and osteoporosis than populations with low levels of soya bean intake. (Osteoporosis is a disease in which the bones become brittle and so, are more likely to crack and break).

Soya bean decreases LDL cholesterol (low density lipoprotein) levels and increases HDL cholesterol (high density lipoprotein) levels.

Clinical studies reveal that vegetarian women who have higher intake of soya protein have a lower risk of developing osteoporosis.

Soya bean protein in pre-menopausal women produces a reduction of gonadotrophic hormones and a lengthening of the menstrual cycle. It can also reduce the risk of breast cancer.

In order to stay healthy we need proteins. Since soya bean is a major source of protein, make sure you include it in your daily diet.

***(indebted)***

# Response to the "Message from the Moderator," published in CSI LIFE, Sep.-Oct. 2002

The CSI Moderator's message raises several controversial issues pertaining to the unity and mission of the Church of South India. The Moderator expresses his great disappointment with the progress of unity negotiations with the Mar Thoma church and proposes unity moves with "small denominations or independent mission oriented churches" who have sought "mutual approval and fuller participation" in the life of the CSI. Since the Moderator represents the voice of the CSI and since CSI LIFE is its official magazine, the message deserves the special attention of the church. The KUT Seminary which has a special place in the history and life of the CSI has a responsibility to respond to the message, on several grounds. First of all, it may be recalled that its formation as a United Seminary in 1943 heralded the birth of the CSI in 1947; secondly, the Seminary and its former Principal, Rev. Leslie Brown (Later, Archbishop) played a significant role in the formulation of the CSI liturgy; and thirdly, KUT S continues to foster the ecumenical spirit among the churches and seminaries in Kerala as reflected in its interdenominational student body and in its partnership at the postgraduate level with Mar Thoma and Orthodox seminaries in the FFRRC. Therefore, we bring the following rejoinder to the kind attention of the Moderator and the bishops of the CSI, its clergy and laity, as well as others who are associated with the life of this united church:

The formation of the CSI was aimed at a National Church free from Western denominational partern-alism both in its structural and financial matters. Therefore it is not desirable for the CSI to seek relationships with the so-called independent denominations which are supported structurally and financially by foreign mission agencies of dubious nature.

The CSI-CNI-Mar Thoma Joint Council was formed in 1978, also with the vision of a National Church. It was named the Communion of Churches in India, two years ago. Now these three churches share a common lectionary and have the same themes for Sunday worship. This is an illustration of the remarkable advance this communion has made which cannot be brushed aside easily. It was the understanding of the original Joint Council that no member of this communion of churches should enter into any kind of relationship with other denominations unilaterally. It is quite unlikely that the new proposal to have union or communion with other denominations has been brought to the attention of the Joint Council. In that case, the words of the Moderator are likely to affect negatively the fellowship that exists within the Joint Council and may pose obstacles for the further development of mutual relations.

The formation of the Joint Council was based on clear and definite understanding on matters of faith and theological positions with regard to Baptism, Eucharist, and Ministry, among other things. But this is not the case with the denominations referred to as "like-minded" churches in India. Many of them have derived their theology not from the Scriptures or the historical traditions of the church but from the bigoted views of splinter groups abroad or from a charismatic local leader on whom their organisation is centred. Therefore it would be a fatal mistake to have any kind of dealings with these "churches" without proper study or thought about their theological position or ideologies.

The Moderator says that these denominations do not want a merger with CSI but expect mutual approval and fuller participation. Most of the small denominations and the mission-oriented churches in question have been inimical to the established churches and owe their origin to sheep stealing from these churches. Since these small denominations have been known only for their tradition of condemnation and attack of mainline churches, the motive behind their sudden infatuation for unity with the CSI is to be viewed with suspicion. Is there a hidden agenda behind the sudden move? The CSI has always stood for unity but admitting splinter groups into the fellowship of the church will have serious consequences upon the credibility, stability and integrity of the local churches, dioceses as well as on the wider fellowship of the Communion of Churches in India.

The faculty of KUTS feels strongly about these issues and would request the constituent bodies of the Communion of Churches, and in particular the Church of South India, to subject these proposals to proper study at all levels. All those who have a genuine concern for the CSI must examine this issue in depth, and respond.

*(Prepared by the Faculty, Kerala United Theological Seminary, Trivandrum, at its meeting on 19 November 2002)*

Book Review

# AN ECUMENICAL WORDSMITH

**(The writings of T. K. Thomas)**

Pradeep Thomas ■ CSS, Tiruvalla ■ Rs. 100/-

This book is divided into five sections. (1) 'Interpreting the Word' consists of Bible studies, sermons and meditations on communications and christian communication. (2) 'A Communicative Theology' contains articles on the theology of communication and a communicative theology that is firmly grounded in an understanding of church and society. (3) 'Pluralism, Mission and Communication' includes articles that illustrate the life of Prof. T. K. Thomas-long critique of mission, his commitment to plural religious futures in India and his understanding of communication as mission. (4) 'Writings on the Indio-Anglian Novel' offers insights in T. K. T.'s search for signs of liberation within Indian Culture. (5) 'Between the lines' includes T. K. T.'s lighter comments on the church, politics and society.

T. K. T. was a humanist-all human beings were precious to him as God's chidlren. All through his life, he had been communicating. He observes, "when we come to the church, we do not bring the world with us, we merely escape from it. And when we go into the world, we do not take the church with us. We live in two worlds: one, shadowy and artificial and the other, real and pressing. There has been little creative encounter between these two worlds and we are poorer for it." T. K. T.'s words make us think. He often makes us laugh also. This book is a distinctive contribution and a valuable addition to christian literature.

K.C.

## പുതിയ പുസ്തകങ്ങൾ

- **ദലിത് ദർശനം**

  റവ. വൈ. ടി. വിനയരാജ് ■ സി.എസ്.എസ്. തിരുവല്ല ■ 90/- രൂപ

  ദൈവശാസ്ത്ര ഗ്രന്ഥാവലിയിൽ 106-ാമത് പുസ്തകം. ദലിത് ദർശനത്തിന്റെ ചരിത്രം, ദൈവശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയവ പ്രതിപാദിക്കുന്നു.

- **രക്തം നിലവിളിക്കുന്നു**

  മോസ്റ്റ് റവ. ഐ. യേശുദാസൻ ■ സി.എസ്.എസ്. തിരുവല്ല ■ 75/- രൂപ

  നിർദോഷിയായ ഹാബേലിന്റെ കൊലപാതകം തുടങ്ങി ബൈബിളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന സാമൂഹ്യപ്രധാനമായ കൊലപാതകങ്ങളിലൂടെയൊന്നു കണ്ണോടിക്കുന്ന പഠനം.

# ന്യൂ വിഷൻ സമ്മാന പദ്ധതി

## ചാവുകടലിന് ആ പേര് എങ്ങനെ കിട്ടി?

ഉത്തരം അയയ്ക്കേണ്ട വിലാസം:

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ, പുന്നയ്ക്കാട്, കോഴഞ്ചേരി -689 652**


ഒന്നിൽ കൂടുതൽ ശരിയുത്തരം ലഭിച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

## കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ശരിയുത്തരം

**സോയാബീൻസ് എന്ന പയറുവർഗവിള**

(ലഭിച്ച ഉത്തരങ്ങളിൽ ശരിയായിട്ടുള്ളതില്ല)

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India under No. KER BIL/2000/1543
Annual subscription: Rs. 75/-
JANUARY 2003
Postal Regn. No KL/CR/KTM/362/2002




മാവേലിക്കര ബിഷപ്പ് മൂർ കോളജ് പൂർവവിദ്യാർത്ഥി സംഘടനയുടെ കുവൈറ്റ് ചാപ്ടർ നൽകിയ സ്വീകരണത്തിൽ, പൂർവവിദ്യാർത്ഥികൂടിയായ റവ. ഡോ. വൽസൻ തമ്പു മറുപടി പ്രസംഗം നടത്തുന്നു.




Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ▪ Printed at Learners' Offset Printers, C.M.S. College Road, Kottayam